# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 ഓഗസ്റ്റ് 28 | ദീപം 58 | നാളം 25 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ട്രംപിന്റെ തീരുവയുദ്ധം: വഴി തേടി ഇന്ത്യ




റ്റി.സി. മാത്യു


ഇങ്ങനെയൊരു മാറ്റം ആരും പ്രതീക്ഷിച്ചതല്ല. 'മൈ ഫ്രണ്ട്' ട്രംപ് നരേന്ദ്രമോദിയോടോ ഇന്ത്യയോടോ ഉടക്കും എന്ന് ആരും കരുതിയില്ല. പക്ഷേ, അതു സംഭവിച്ചു. ഇന്ത്യാ - അമേരിക്ക ബന്ധം പ്രതിസന്ധിയുടെ വക്കിലായി.

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി വളരെ അടുത്ത സൗഹൃദമാണ് പ്രധാനമന്ത്രി മോദിക്കുണ്ടായിരുന്നത്. കണ്ടാലുടനെ കെട്ടിപ്പിടിക്കും, 'എന്റെ മിത്രം' എന്നു പറയും. 2020 ൽ ട്രംപിനെ വീണ്ടും ജയിപ്പിക്കാൻ പരസ്യമായി ആഹ്വാനം ചെയ്യുന്നിടം വരെ എത്തി ബന്ധം. ഇത്തവണ ട്രംപിന്റെ സ്ഥാനാരോഹണം കഴിഞ്ഞ് ഒരു മാസത്തിനകം വൈറ്റ് ഹൗസിലെത്തി മോദി അഭിനന്ദിച്ചു. ചർച്ച നടത്തി. വ്യാപാരക്കരാർ ഉണ്ടാക്കാനും 2030 നകം പരസ്പര വ്യാപാരം 50,000 കോടി ഡോളർ ആക്കാനും ധാരണയുണ്ടാക്കി. നവംബറിനകം ഇടക്കാല കരാർ ഉണ്ടാക്കുമെന്നും പ്രഖ്യാപിച്ചു.

അവിടെനിന്ന് ഇപ്പോൾ എത്തിനിൽക്കുന്നത് ഇന്ത്യയുമായി ചർച്ചയേ ഇല്ല എന്ന ട്രംപിന്റെ പ്രസ്താവനയിലാണ്. ഇന്ത്യയുടെ സാധനങ്ങൾക്ക് വിലയുടെ 50 ശതമാനം ഇറക്കുമതിച്ചുങ്കം ചുമത്തി. 25 ശതമാനം ചുങ്കവും 25 ശതമാനം റഷ്യൻ എണ്ണ വാങ്ങുന്നതിന്റെ പേരിലുള്ള പിഴച്ചുങ്കവും. ബ്രസീലിനു മാത്രമേ ഇത്രയും (50%) ചുങ്കം ചുമത്തിയിട്ടുള്ളൂ.

## വിശ്വാസം പാളി

ഇന്ത്യയ്ക്ക് ഉയർന്നനിരക്കു ചുമത്തിയതിനു ട്രംപ് പല കാരണങ്ങൾ പറയുന്നുണ്ട്; ഇന്ത്യ ഇറക്കുമതിക്കു വലിയ തീരുവ ചുമത്തുന്നു, പല മേഖലകളിലും ഇറക്കുമതി അനുവദിക്കുന്നില്ല, ഇറക്കുമതിക്കു കർക്കശനിബന്ധനകൾ വയ്ക്കുന്നു എന്നിങ്ങനെ. ആ വിഷയങ്ങളിൽ ഫെബ്രുവരി മുതൽ ചർച്ച നടക്കുന്നതാണ്. കരാർ ഉണ്ടാകും, പക്ഷേ, ചുങ്കം 15 ശതമാനമെങ്കിലും ആകും എന്ന വിശ്വാസത്തിലായിരുന്നു ഇന്ത്യ. സംഭവിച്ചതു മറിച്ചാണ്.

അഞ്ചുവട്ടം നടന്ന ചർച്ചകൾ ഗണ്യമായ പുരോഗതി കൈവരിച്ചിരുന്നു. അമേരിക്കൻ വ്യാവസായിക ഉൽപന്നങ്ങൾക്കു ചുങ്കം ഒഴിവാക്കാനും കാറുകൾക്കും മദ്യത്തിനും ക്രമേണ ചുങ്കം കുറച്ചുകൊണ്ടുവരാനും ഇന്ത്യ സമ്മതിച്ചിരുന്നു എന്നാണു റിപ്പോർട്ടുകൾ. എന്നാൽ, കാർഷിക, ക്ഷീര ഉൽപന്നങ്ങളുടെ കാര്യത്തിൽ സ്വതന്ത്ര ഇറക്കുമതി അനുവദിക്കാൻ ഇന്ത്യ തയാറില്ല. സസ്യയെണ്ണപോലെ ചുരുക്കം ചില ഇനങ്ങളിൽ മാത്രം വിട്ടുവീഴ്ച ചെയ്തേക്കും. അതേസമയം കൂടുതൽ ക്രൂഡ് ഓയിൽ, പ്രകൃതിവാതകം എന്നിവയും യുദ്ധവിമാനങ്ങൾ അടക്കം പ്രതിരോധസാമഗ്രികളും വാങ്ങാൻ സന്നദ്ധത അറിയിക്കുകയും ചെയ്തു. ഇവകൊണ്ട് ട്രംപ് തൃപ്തനാകും എന്നു കരുതി.

ഇന്ത്യയ്ക്കു വേറെ ആവശ്യങ്ങളും ഉണ്ടായിരുന്നു. ജനിതകമാറ്റം വരുത്തിയ ഉൽപന്നങ്ങൾ അസ്വീകാര്യമായി ഇന്ത്യ പ്രഖ്യാപിച്ചു. മാംസം ചേർത്ത അമേരിക്കൻ കാലി - കോഴി തീറ്റകളും പറ്റില്ല. സ്റ്റീൽ, അലുമിനിയം എന്നിവയുടെ 50 ശതമാനം ചുങ്കം മാറ്റണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു.

> ട്രംപ് പഴയ പ്രസിഡന്റുമാരെപ്പോലെ അല്ല. അദ്ദേഹം 'ഡീലു'കളിൽ വിശ്വസിക്കുന്ന ആളാണ്. എന്തിലും പകരം എന്തെങ്കിലും കിട്ടണമെന്ന നിർബന്ധക്കാരൻ. ട്രംപിന്റെ തീരുവ ആക്രമണം എന്ന അപ്രതീക്ഷിതപ്രഹരത്തോടുള്ള ഇന്ത്യയുടെ പ്രതികരണം സ്വദേശിയെ ഉയർത്തിപ്പിടിച്ചാണ്. ഇങ്ങനെയാകും കാര്യങ്ങൾ എന്ന് ഇന്ത്യ ചിന്തിച്ചിരുന്നില്ല. അതിനാൽ ബദൽവഴികൾ രൂപപ്പെടുത്തിയതുമില്ല. ഈ സാഹചര്യത്തിലാണു സ്വദേശിയിലേക്കുള്ള മടക്കം.

## ഡീലുകളുടെ 'ട്രംപുരാൻ'

ട്രംപ് പഴയ പ്രസിഡന്റുമാരെപ്പോലെ അല്ല. അദ്ദേഹം 'ഡീലു'കളിൽ വിശ്വസിക്കുന്ന ആളാണ്. എന്തിലും പകരം എന്തെങ്കിലും കിട്ടണമെന്ന നിർബന്ധക്കാരൻ. ജപ്പാനു 15 ശതമാനമായി ചുങ്കം കുറച്ചപ്പോൾ അമേരിക്ക ഉൽപാദിപ്പിക്കുന്ന ജാപ്പോണിക്ക അരി തീരുവയില്ലാതെ വാങ്ങാൻ ജപ്പാൻ സമ്മതിച്ചു. അമേരിക്കൻകാറുകളുടെ ചുങ്കവും താഴ്ത്തി. പുറമേ 55,000 കോടി ഡോളർ മൂലധനനിക്ഷേപം അമേരിക്കയിൽ നടത്താനും ജപ്പാൻ സമ്മതിച്ചു.

യൂറോപ്യൻ യൂണിയൻ 75,000 കോടി ഡോളറിന്റെ ഇന്ധനം വാങ്ങാനും 60,000 കോടി ഡോളർ നിക്ഷേപം നടത്താനും സമ്മതിച്ചിട്ടാണു 15 ശതമാനം ചുങ്കത്തിൽ ഒതുങ്ങിയത്. ദക്ഷിണകൊറിയ ചുങ്കം കുറച്ചെടുക്കാൻ 35,000 കോടി ഡോളർ നിക്ഷേപം വാഗ്ദാനം ചെയ്തു.

വികസ്വരരാജ്യങ്ങളുടെ കാര്യം വന്നപ്പോൾ മൂലധനനിക്ഷേപനിബന്ധന ഒഴിവാക്കി. പകരം യുഎസ് ഉൽപന്നങ്ങൾക്കുമേൽ ഗുണപരിശോധന അടക്കമുള്ള നടപടികളെല്ലാം ഒഴിവാക്കിയെടുത്തു. ഇന്തോനേഷ്യ ഉദാഹരണമാണ്.


► 08

# കാലത്തിനു മുന്നേ നടന്ന ദൈവശാസ്ത്രജ്ഞൻ

## വിശുദ്ധ ന്യൂമാൻ ഇനി വേദപാരംഗതൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഇ**ക്കഴിഞ്ഞ ജൂലൈ 31-ാം തീയതി വത്തിക്കാൻ പ്രസ് ഓഫീസിന്റെ അനുദിനബുള്ളറ്റിനിൽ ഒരു വാർത്തയുണ്ടായിരുന്നു. അതിന്റെ പൂർണരൂപം ഇപ്രകാരമാണ്: "വിശുദ്ധ ജോൺ ഹെൻറി ന്യൂമാന് സഭയുടെ വേദപാരംഗതൻ (Doctor of the Church) എന്ന പദവി കല്പിച്ചുനല്കുന്നതു സംബന്ധിച്ച്."

"വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷനായ അത്യുന്നതകർദിനാൾ മർച്ചേല്ലോ സെമെരാരോയ്ക്ക് 2025 ജൂലൈ 31-ാം തീയതി പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ അനുവദിച്ച കൂടിക്കാഴ്ചയിൽ, തിരുസംഘത്തിന്റെ കർദിനാളന്മാരും മെത്രാന്മാരുമടങ്ങുന്ന സമ്മേളനത്തിന്റെ, സാർവത്രികസഭയിൽ വി. ജോൺ ഹെൻറി ന്യൂമാനെ വേദപാരംഗതനായി പ്രഖ്യാപിക്കണമെന്ന അഭിപ്രായം അംഗീകരിക്കുകയുണ്ടായി. അധികം താമസിയാതെ ഈ പദവി ഔദ്യോഗികമായി വിശുദ്ധ ന്യൂമാനു കല്പിച്ചുനല്കുന്നതാണ്."

വിശുദ്ധ ജോൺ ഹെൻറി ന്യൂമാൻ പരിശുദ്ധറോമാസഭയുടെ കർദിനാളും വിശുദ്ധ ഫിലിപ്പ് നേരിയുടെ ഓററ്ററിയുടെ ഇംഗ്ലണ്ടിലെ സ്ഥാപകനുമായിരുന്നു. അദ്ദേഹം 1801 ഫെബ്രുവരി 21-ാം തീയതി ലണ്ടനിൽ ജനിച്ചു. 1890 ഓഗസ്റ്റ് 11 ന് എഡ്ജ്ബാസ്റ്റണിൽ (യു.കെ.)യിൽ ദിവംഗതനായി.

വിശുദ്ധന്റെ ലോകമെമ്പാടുമുള്ള ഭക്തഗണത്തിന് സന്തോഷവും സംതൃപ്തിയും നല്കുന്ന ഒരു തീരുമാനമാണ് പരിശുദ്ധ പിതാവ് ലെയോ പതിന്നാലാമൻ എടുത്തത്.

**പന്ത്രണ്ടാം പീയൂസ് പാപ്പായുടെ പ്രവചനം**

പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ ജീവിതസായാഹ്നത്തിൽ (പന്ത്രണ്ടാം പീയൂസ് പാപ്പാ മരിക്കുന്നത് 1958 ഒക്ടോബർ 9-ാം തീയതിയാണ്) ഒരു ദിവസം ഫ്രഞ്ചുസാഹിത്യകാരനായ ഷാൻഗ്വിത്തോൺ പരിശുദ്ധപിതാവിനെ നേരിൽക്കണ്ടു സംസാരിച്ചു. 'എന്നെങ്കിലും കർദിനാൾ ന്യൂമാനെ തിരുസ്സഭ വിശുദ്ധനെന്നു പ്രഖ്യാപിക്കുമോ' എന്ന ഗ്വിത്തോണിന്റെ ചോദ്യത്തിനു ക്ഷീണിതമെങ്കിലും ഉറച്ചസ്വരത്തിൽ മാർപാപ്പാ പ്രത്യുത്തരിച്ചു: "അതേപ്പറ്റി നിങ്ങൾ ഒട്ടും സംശയിക്കേണ്ട. ന്യൂമാൻ ഒരുനാൾ വേദപാരംഗതനായിത്തീരും'' (Jean Guitton, Dialogues Qvec Paul VI, 1967. p. 163) ധന്യനായ പന്ത്രണ്ടാം പീയൂസ് മാർപാപ്പായുടെ മരണത്തിന്റെ 67-ാം വാർഷികദിനത്തിലായിരിക്കും മിക്കവാറും ന്യൂമാൻ വേദപാരംഗതനായി പ്രഖ്യാപിക്കപ്പെടുന്നത്! കാരണം ഒക്ടോബർ 9-ാം തീയതിയാണ് വി. ന്യൂമാന്റെ തിരുനാളായി സഭ പ്രഖ്യാപിച്ചിരിക്കുന്നത്.

ആംഗ്ലിക്കൻസഭയിൽ ജനിച്ച് ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ പഠിച്ച് വൈദികനായി, അവിടെത്തന്നെ വികാരിയായും യൂണിവേഴ്സിറ്റിയിലെ ലക്ചററായും ജീവിക്കവേ, സഭാപിതാക്കന്മാരെ പഠിക്കുകവഴി കത്തോലിക്കാസഭയാണ് സത്യസഭയെന്ന നിഗമനത്തിൽ ഡോ. ന്യൂമാൻ എത്തിച്ചേരുന്നു. 1845 ഒക്ടോബർ 9-ാം തീയതി ഡൊമിനിക് ബർബേരിയെന്ന ഇറ്റാലിയൻ പാഷനിസ്റ്റ് സന്ന്യാസവൈദികൻ കത്തോലിക്കാസഭയിലേക്ക് അദ്ദേഹത്തെ സ്വീകരിച്ചു. അതിന്റെ ഓർമയ്ക്കായിട്ടാണ് ഒക്ടോബർ 9 കർദിനാൾ ന്യൂമാന്റെ തിരുനാൾ ദിനമായി സഭ നിശ്ചയിച്ചിരിക്കുന്നത്.

**വേദപാരംഗതർ**

കത്തോലിക്കാസഭയിൽ നാളിതുവരെ 37 വിശുദ്ധരെ മാത്രമാണ് വേദപാരംഗതരായി പ്രഖ്യാപിച്ചിട്ടുള്ളത്. ആദിമസഭയിലെ സഭാപിതാക്കന്മാരിൽ 18 പേരാണ് വേദപാരംഗതരായിട്ടുള്ളവർ. പതിമ്മൂന്നാം നൂറ്റാണ്ടിൽ ബോനിഫസ് എട്ടാമൻ മാർപാപ്പയാണ് വേദപാരംഗതരുടെ ആദ്യലിസ്റ്റ് പ്രസിദ്ധീകരിച്ചത്. വി. അംബ്രോസ്, വി. ജെറോം, വി. ആഗസ്തീനോസ് എന്നിവരെല്ലാം അതിൽപ്പെടുന്നു. അതുപോലെ തന്നെ വി. എഫ്രേം, വി.ഗ്രിഗറി, വി. അത്തനേഷ്യസ്, വി. ബേസിൽ എന്നിവരെല്ലാം വേദപാരംഗതരാണ്. തോമസ് അക്വിനാസ്, ബെനവന്തുര, പാദുവായിലെ അന്തോനീസ്, ഫ്രാൻസിസ് സാലസ്, അൽഫോൻസ് ലിഗോരി തുടങ്ങിയ വിശുദ്ധരെല്ലാം വേദപാരംഗതരുടെ ലിസ്റ്റിൽപ്പെടുന്നു. 1970 ൽ വി. പോൾ ആറാമൻ മാർപാപ്പായാണ് സിയന്നായിലെ വി. കാതറൈനെയും ആവിലായിലെ വി. തെരേസായെയും വേദപാരംഗതരായി പ്രഖ്യാപിക്കുന്നത്.

1997 ൽ വി. ജോൺപോൾ രണ്ടാമൻ ലിസ്യൂവിലെ വി. കൊച്ചുത്രേസ്യായെയും ബെനഡിക്ട് പതിനാറാമൻ പാപ്പാ 2012 ൽ ബിൻഗനിലെ വി. ഹിൽഡഗാർഡിനെയും വേദപാരംഗതരായി പ്രഖ്യാപിച്ചു. സഭാപിതാവായ ലിയോണിലെ വി. ഇരണേവൂസിനെ വേദപാരംഗതനായി പ്രഖ്യാപിക്കുന്നത് 2022ൽ ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പയാണ്. സഭാപ്രബോധനങ്ങൾക്കും ആധ്യാത്മികപഠനങ്ങൾക്കും ഒരു വിശുദ്ധൻ അല്ലെങ്കിൽ വിശുദ്ധ നല്കിയ സുപ്രധാനസംഭാവനകളെ പരിഗണിച്ചാണ് ഒരു മാർപാപ്പയോ സാർവത്രികസൂനഹദോസോ വേദപാരംഗതരായി വിശുദ്ധരിൽ ചിലരെ പ്രഖ്യാപിക്കുന്നത്.



ഡോക്ടർ ജോൺ ഹെൻറി ന്യൂമാന്റെ അഭിപ്രായങ്ങളെ ചിലരെല്ലാം സംശയദൃഷ്ട്യാ കണ്ടിരുന്ന കാലത്താണ് ലെയോ പതിമ്മൂന്നാമൻ മാർപാപ്പാ അതെല്ലാം ദൂരീകരിച്ചുകൊണ്ട് 1879 ൽ അദ്ദേഹത്തെ തന്റെ ആദ്യകർദിനാളായി നിശ്ചയിച്ചത്. ഇപ്പോഴിതാ, ലെയോ പതിന്നാലാമൻ വി. ന്യൂമാനെ വേദപാരംഗതനായി പ്രഖ്യാപിക്കാൻ പോകുന്നു.

ന്യൂമാന്റെ കല്ലറയിൽ എഴുതിയിരിക്കുന്ന ലത്തീൻലിഖിതത്തിന്റെ അർഥം 'നിഴലുകളിലും സങ്കല്പങ്ങളിലും നിന്ന് സത്യത്തിലേക്ക്' എന്നാണ്. ഒന്നാം വത്തിക്കാൻ സൂനഹദോസിന്റെ (1868-70)കാലത്ത് ശ്രദ്ധിക്കപ്പെടാതെയും സ്വീകരിക്കപ്പെടാതെയും പോയ ന്യൂമാന്റെ ആശയങ്ങൾ രണ്ടാം വത്തിക്കാൻ സൂനഹദോസിൽ (1962-65) പ്രചോദനാത്മകമായി പരിണമിച്ചു. കാലത്തിനുമുമ്പേ നടന്ന ദൈവശാസ്ത്രജ്ഞൻ. 1958 ൽ ആരംഭിച്ച നാമകരണ നടപടികൾ നീണ്ടുപോകാൻ ഒരു കാരണം അദ്ദേഹത്തിന്റെ മുഴുവൻ ഗ്രന്ഥങ്ങളും കത്തുകളുമെല്ലാം പരിശോധിക്കേണ്ടിയിരുന്നതുകൊണ്ടുകൂടിയാണ്. വൈസ്പോസ്റ്റുലേറ്റർ തയ്യാറാക്കിയ റിപ്പോർട്ടിനു രണ്ടുലക്ഷം പേജുകൾ ഉണ്ടായിരുന്നു! അതിന്റെ ചുരുക്കംതന്നെ 6483 പേജുകളുണ്ടായിരുന്നു.

2010 സെപ്റ്റംബർ പത്തിന് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ന്യൂമാനെ ഇംഗ്ലണ്ടിൽവച്ച് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2019 ഒക്ടോബർ 13 ന് ഫ്രാൻസിസ് മാർപാപ്പാ വാഴ്ത്തപ്പെട്ട ന്യൂമാനെ വിശുദ്ധനായി പ്രഖ്യാപിച്ചു. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായും അന്നാണ് വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടത്. ■

# വൃക്ഷസുഗന്ധി

♦ കാർഷികം ♦

■ ജോഷി മുഞ്ഞനാട്ട്

**നാ**ട്ടിൻപുറങ്ങളിലും മറ്റും ഇലകളുടെ സവിശേഷസുഗന്ധത്താൽ ശ്രദ്ധേയമായ ഒരു വൃക്ഷമാണ് എടന അഥവാ വൃക്ഷസുഗന്ധി. വഴന, ഇടന എന്നീ പേരുകളിലും അറിയപ്പെടുന്നു. കുമ്പിളപ്പം ഇതിന്റെ ഇലകളിൽ വച്ചുണ്ടാക്കുന്നതിനാൽ ചില പ്രദേശങ്ങളിൽ ഇവയുടെ ഇലയെ കുമ്പിളില എന്നും വിളിക്കുന്നു. കറുവയുടെ ഒരു ബന്ധുവാണ് വഴനമരം. എന്നാൽ, കറുവയല്ല. വഴനയുടെ ഇലകൾക്ക് അല്പംകട്ടിയും കനവുമുണ്ട്. വഴനയുടെ സസ്യനാമം 'സിന്നമോമം മാലബത്രം' എന്നാണ്. 20 മീറ്ററിലധികം ഉയരത്തിൽവരെ ഇവ വളർന്നു കാണുന്നു.

ഇതിന്റെ ഇലകൾ 'തേജ്പത്' എന്ന പേരിൽ ഉത്തരേന്ത്യയിൽ വിവിധ പാചകവിധികളിൽ ഉപയോഗിക്കുന്നു. പുരാതനറോമാക്കാർക്ക് 'മാലബത്രം' എന്ന പേരിലും ഇവ പരിചിതമായിരുന്നു.

വളക്കൂറുള്ള, നീർവാഴ്ചയുള്ള മണ്ണാണ് തൈകൾ നടാൻ ഉത്തമം. ബാഷ്പീകരണസ്വഭാവമുള്ള ഒരു തൈലം ഇതിന്റെ ഇലയിൽ അടങ്ങിയിട്ടുണ്ട്. വഴനയില ഒരു നിരോക്സീകാരികൂടിയാണ്. ദഹനരസങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിച്ച് ദഹനപ്രക്രിയ ത്വരിതപ്പെടുത്തുന്നു. ഭക്ഷണപദാർഥങ്ങളോടൊപ്പം ചേർക്കുമ്പോൾ ഇത് വായുകോപം ഉണ്ടാകാതെ തടയുന്നു, വയറുവേദന ശമിപ്പിക്കുന്നു.

ജീവകങ്ങൾ, സോഡിയം, പൊട്ടാസ്യം, കാൽസ്യം, കോപ്പർ, ഇരുമ്പ്, മഗ്നീഷ്യം, മാംഗനീസ്, ഫോസ്ഫറസ്, സെലേനിയം, സിങ്ക് എന്നിവയും ഇലകളിലുണ്ട്.

ആയുർവേദവിധിപ്രകാരം ചുമ, അലർജി, തലവേദന, ആസ്ത്മ, ദഹനക്കേട്, വൃക്കത്തകരാറുകൾ, ഹൃദ്രോഗം, തുമ്മൽ, സന്ധിവേദന, ദന്തസംരക്ഷണം എന്നിവയ്ക്കെല്ലാം വഴനയില പ്രതിരോധവും പരിഹാരവുമായി ഉപയോഗിക്കാറുണ്ട്.



പഴയ തറവാടുകളിൽ 'ചക്കയപ്പം' എന്ന കുമ്പിളപ്പം ഉണ്ടാക്കാൻവേണ്ടി മാത്രമായി ഒരു വഴനമരമെങ്കിലും വീട്ടുവളപ്പിലെ കൃഷിയിടത്തിൽ നിലനിർത്തുക പതിവായിരുന്നു.

പാചകാവശ്യത്തിനും മറ്റും ഇലകൾ മരത്തിൽനിന്നെടുത്തു കൂടുതൽ ദിവസം സൂക്ഷിച്ചുവച്ച് ഉപയോഗിച്ചാൽ ഗുണം കുറയും. ഇലകൾ തൂത്തോ തുടച്ചോ വൃത്തിയാക്കിവേണം ഉപയോഗിക്കാൻ. കേടുവന്നതും പഴകിയതുമായ ഇലകൾ ഉപയോഗിക്കരുത്. ഫ്രിഡ്ജിലും മറ്റും സൂക്ഷിച്ചുവച്ച് കൂടുതൽ ദിവസങ്ങൾ കഴിഞ്ഞ ഇലയ്ക്ക് ഗുണം കുറയും. മരത്തിൽനിന്നു വേർപെടുത്തിയെടുത്ത് വൃത്തിയാക്കി ഉടനെതന്നെ ഉപയോഗിക്കുന്നതാണ് ഉത്തമം.

കുമ്പിളപ്പവും മറ്റും ഉണ്ടാക്കുന്ന അവസരത്തിൽ ഇലയുടെ തണ്ടിന്റെ ഭാഗം ചെറുതായി ഒന്നു ചതച്ചശേഷം ഉപയോഗിച്ചാൽ മണവും രുചിയും ഏറും.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ

ജീവിതത്തിലെ തെറ്റുകൾകൊണ്ട് മരണത്തെ ക്ഷണിച്ചുവരുത്തരുത്; സ്വന്തം പ്രവൃത്തികൊണ്ട് നാശത്തെയും.
ജ്ഞാനം 1:12

**എഡിറ്റോറിയൽ**

# ഇതു മറിമായമല്ല കൊലപാതകമാണ്!

പ്രതീക്ഷകളും സ്വപ്നങ്ങളുമായി മലയാളി ഓണസദ്യയ്ക്ക് ഇലയിടാൻ ഒരുങ്ങിയിരിക്കുന്ന ഈ വേളയിൽ, സംസ്ഥാനത്തു ഭക്ഷ്യവസ്തുക്കളിൽ നിരോധിച്ച നിറങ്ങളും കീടനാശിനികളും വ്യാപകമായി കണ്ടെത്തിയെന്ന വാർത്ത വലിയ ആശങ്കയുണർത്തുന്നു. ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റ് 2024 ഏപ്രിൽ മുതൽ 2025 മാർച്ചുവരെ ശേഖരിച്ച 650 ലേറെ സാമ്പിളുകളിലാണ് മാരകമായ അളവിൽ രാസവസ്തുക്കൾ കണ്ടെത്തിയത്. കൃത്രിമഭക്ഷ്യനിറങ്ങൾ, കീടനാശിനികൾ, പ്രിസർവേറ്റീവുകൾ, മാലിന്യങ്ങൾ എന്നിങ്ങനെ കണ്ടെത്തിയവയിൽ അനുവദനീയമായതിന്റെ 3500 ശതമാനത്തിലധികം കീടനാശിനിസാന്നിധ്യമടങ്ങിയ ഭക്ഷ്യവസ്തുക്കളുമുണ്ടെന്നത് ആരെയും ഞെട്ടിക്കും.

നമ്മുടെ ആരോഗ്യം കുടികൊള്ളുന്നത് ഭക്ഷണത്തിന്റെ പോഷകമൂല്യത്തെയും ഗുണമേന്മയെയും ആശ്രയിച്ചാണെന്ന വസ്തുത എല്ലാവർക്കുമറിയാം. പക്ഷേ, തീറ്റയും കുടിയും ഒരു ഫാഷനാക്കി മാറ്റിയിരിക്കുന്ന ആധുനിക കേരളസമൂഹം; പ്രത്യേകിച്ച്, യുവതലമുറ ഒക്കെയും കണ്ടിട്ടും കാണാതെയും, അറിഞ്ഞിട്ടും അറിയാതെയും അജ്ഞത നടിക്കുകയാണ്. ഇന്നു നമുക്കു രുചിയാണു പ്രധാനം. പുത്തൻ രസക്കൂട്ടുകൾ തേടി ആഴ്ചയിലൊരിക്കലെങ്കിലും സ്വന്തം അടുക്കളവിട്ട് അങ്ങാടിയിലേക്കിറങ്ങുക പതിവാക്കിയവരാണ് ഇന്നു കേരളസമൂഹത്തിലധികവുമെന്നു പറഞ്ഞാൽ ആർക്കെങ്കിലും നിഷേധിക്കാനാവുമോ? രാത്രിയെന്നോ പകലെന്നോ ഇല്ലാതെ മുന്നിലെത്തുന്ന വിവിധതരം ഭക്ഷണപദാർഥങ്ങളെ രുചിഭേദങ്ങളുടെ പരീക്ഷണശാലയാക്കണമെന്നല്ലാതെ അതിലടങ്ങിയിരിക്കുന്ന മാരകചേരുവകളെക്കുറിച്ച് ആളുകൾ ഇന്നു ചിന്തിക്കുന്നതേയില്ലെന്നതാണ് ഏറെ ദുഃഖകരമായ കാര്യം. കാര്യങ്ങളെ കുറച്ചുകൂടി കണ്ണു തുറന്നുകാണാൻ നാം പഠിച്ചില്ലെങ്കിൽ ആരോഗ്യകേരളത്തെ കാത്തിരിക്കുന്നത് വലിയ ആപത്താണ്.

അയൽക്കാരൻ പാലിൽ അല്പം വെള്ളം ചേർക്കുന്നതിൽ കോപാക്രാന്തരാകുന്ന നാം, അടുക്കളയലമാരകളിലെ പാചകക്കൂട്ടുകളെയും കറിമസാലകളെയും ബേക്കറിസാധനങ്ങളെയും ആരോഗ്യപാനീയങ്ങളെയുംകുറിച്ച് ഒട്ടും ഖിന്നരല്ല. കാരണം, അതു 'ബ്രാൻഡഡ്' ആണ്. എന്നാൽ, നിറത്തിനും മണത്തിനും രുചിക്കുമൊക്കെയായി അവയിൽ ചേർത്തിരിക്കുന്ന ഭക്ഷ്യേതരവിഭവങ്ങളുടെ അളവും തൂക്കവും ആരന്വേഷിക്കുന്നു? മായം ചേർന്ന ഭക്ഷണപദാർഥങ്ങളുടെ ഗുരുലഘുത്വമനുസരിച്ച് പലതും മനുഷ്യന്റെ ആന്തരികാവയവങ്ങളെ നേരിട്ടു ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അവ ഹൃദയം, വൃക്കകൾ, കരൾ തുടങ്ങിയ സുപ്രധാന അവയവങ്ങളെ അതിവേഗം തകർക്കുന്നു. കൂടാതെ, ആസ്ത്മ, അലർജി, ആമാശയരോഗങ്ങൾ, ബ്രോങ്കൈറ്റിസ്, ഗ്ലൂക്കോമ, ന്യൂമോണിയ തുടങ്ങി കാൻസറിനുവരെയും ഇവ വഴിവയ്ക്കുന്നുവെന്നാണു പഠനങ്ങൾ പറയുന്നത്. വാഴപ്പഴം, ഓറഞ്ച്, ആപ്പിൾ, മുന്തിരി എന്നുവേണ്ട ഇന്നു വിപണിയിൽ ലഭ്യമായ ഏതാണ്ടെല്ലാ പഴങ്ങളും കൃത്രിമമായി പഴുപ്പിച്ചവയാണ്. 60-80 ശതമാനം മൂപ്പാകുമ്പോൾ പറിച്ച് കാർബൈഡ് ഇട്ടു പെട്ടിയിൽ അടുക്കുന്നു. നല്ലതെന്ന തോന്നൽ കൃത്രിമമായി സൃഷ്ടിക്കാൻ ഇത്തരം പഴങ്ങളിൽ നിരോധിക്കപ്പെട്ട കോൾടാർ ചായങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു.

ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റിന്റെ പുതിയ പരിശോധനയിൽ പനഞ്ചക്കര, കരിമ്പുശർക്കര എന്നിവയിൽ, നേരിയ സാന്നിധ്യംപോലും ഭക്ഷണത്തെ വിഷമാക്കുന്ന റോഡമിൻ ബി എന്ന വ്യവസായ ആവശ്യങ്ങൾക്കുള്ള ഡൈ കണ്ടെത്തിയിരിക്കുകയാണ്. അതുപോലെതന്നെ അർബുദത്തിനു കാരണമാകുന്ന അമരാന്ത് എന്ന രാസവസ്തു റോസ്ബെറി, ബീഫ് ചില്ലി ഉണക്കിയ പ്ലം എന്നിവയിലും ഓറഞ്ച് 2 എന്ന വസ്തു ചുവന്ന പരിപ്പ്, നാരങ്ങാ അച്ചാർ എന്നിവയിലും സുഡാൻ 1,3,4 എന്നിവ നാടൻ മുളകുപൊടി, മുളകുപൊടി എന്നിവയിലും കണ്ടെത്തി. വിവിധതരം മിക്സ്ചർ, പ്ലംകേക്ക്, ഏത്തക്കാ, ഉപ്പേരി, മുളകുപൊടി, കശ്മീരി മുളകുപൊടി, തയ്യാറാക്കിയ ചിക്കൻ, മന്തി, ആൽഫാംവിഭവങ്ങൾ, മല്ലിപ്പൊടി, മുഴുവൻമല്ലി എന്നിവയിലും രാസവസ്തുക്കളുടെ സാന്നിധ്യം ആവർത്തിച്ചുകണ്ടെത്തിയിട്ടുണ്ടെന്നാണു റിപ്പോർട്ട്.

ധാന്യങ്ങളിലും പയറുവർഗങ്ങളിലും തൂക്കവും അളവും കൂട്ടാൻ ചീത്തയായ ധാന്യങ്ങളോ മണൽ, ചരൽപ്പൊടി മുതലായ സാധാരണ വസ്തുക്കളോ ചേർക്കുകയായിരുന്നു പണ്ടത്തെ മറിമായം. എന്നാലിന്ന് മുന്തിയ സാങ്കേതികമാർഗങ്ങളുപയോഗിച്ചുള്ള വമ്പൻ'വ്യവസായ'മായി മാറിയിരിക്കുകയാണ് മായംചേർക്കൽ. അതുകൊണ്ടുതന്നെ മായം കണ്ടുപിടിക്കുന്നതിനും ആവശ്യമായിരിക്കുന്നു ഉന്നതസാങ്കേതികവിദ്യകൾ.

പൊതുജനാരോഗ്യത്തിനു ഭീഷണിയാകുന്ന തോതിൽ വ്യാപകമായിരിക്കുന്ന ഈ ഗുരുതരകുറ്റകൃത്യത്തിന് അറുതി വരുത്താനും കുറ്റവാളികൾക്കു ശിക്ഷ ഉറപ്പാക്കാനും അധികാരികൾ ഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഭക്ഷ്യസുരക്ഷാനിയമങ്ങൾ ശക്തമെങ്കിലും അതു ഫലപ്രദമായി നടപ്പാക്കുന്നതിൽ തികഞ്ഞ പരാജയമാണെന്നു സമ്മതിച്ചേ തീരൂ. കുറ്റക്കാർ പലപ്പോഴും സാങ്കേതികത്വത്തിൽ പിടിച്ചുകയറി രക്ഷപ്പെടുകയാണ്. ഓരോ മായം ചേർക്കലിനും പിഴയോ ജയിൽശിക്ഷയോ രണ്ടുംകൂടിയോ നിയമത്തിൽ കല്പിച്ചുവച്ചിട്ടുണ്ടെങ്കിലും ഇക്കണ്ട കാലത്തിനിടയിൽ ശിക്ഷിക്കപ്പെട്ടവരുടെ കണക്കെടുത്താൽ നമുക്കു ലജ്ജിച്ചു തലതാഴ്ത്തേണ്ടിവരും. ■

# കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ




രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിക്കപ്പെട്ട സഭയെ തകർക്കാൻ ശ്രമിക്കുന്ന ആരുടെ ഏതു കുത്സിതശ്രമവും ക്രൈസ്തവസമൂഹത്തിനു മുന്നിൽ വിലപ്പോകില്ല. രണ്ടു സന്ന്യസ്തർക്കുവേണ്ടി ആയിരങ്ങൾ തെരുവിലിറങ്ങിയിട്ടുണ്ടെങ്കിൽ വെറും രണ്ടു ശതമാനം എന്ന് ക്രൈസ്തവനെ എഴുതിത്തള്ളാൻ വരട്ടെ. ക്രൈസ്തവസമൂഹത്തെയും സന്ന്യാസിനീസന്ന്യാസികളെയും അടിച്ചമർത്തിയാൽ, സഭ നശിക്കും എന്ന് ആരൊക്കെയോ ദിവാസ്വപ്നം കാണുന്നുണ്ട്. അത് വെറും സ്വപ്നമായി ഉറക്കത്തിലവസാനിക്കുകയേയുള്ളൂ.

പൊരിഞ്ഞ വയറിന് അന്നം നൽകിയതിന്റെ പേരിൽ ആരെയും ഇരുമ്പഴിക്കുള്ളിലാക്കാൻ കഴിയില്ല. ഇന്നും ഇന്നലെയും തുടങ്ങിയതല്ല ക്രൈസ്തവനു നേരേയുള്ള ഇത്തരം ആസൂത്രിതപ്രവർത്തനങ്ങൾ.

മറ്റൊരു മതത്തെയും മറ്റൊരു സമൂഹത്തെയും ഇത്തരത്തിൽ ആക്രമിക്കാൻ ധൈര്യമുണ്ടോ? ക്രൈസ്തവരോട് എന്തും ആകാമെന്ന ചിലരുടെ ചിന്ത തിരുത്തപ്പെടണം.

ചലച്ചിത്രാവിഷ്കാരങ്ങളിലൂടെപ്പോലും ക്രൈസ്തവവിശ്വാസങ്ങളും, പാരമ്പര്യങ്ങളും അവഹേളിക്കപ്പെടുമ്പോൾ അതിനെതിരേ ശബ്ദമുയർത്താൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് അവ അവതരിപ്പിക്കുമ്പോൾ അവഹേളിക്കപ്പെടുന്നത് ക്രൈസ്തവികതയാണ്.

വിശുദ്ധ കുർബാന അവഹേളിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ തിരിച്ചറിയുവാനുമുള്ള കടമ ഓരോരുത്തർക്കുമുണ്ട്. ക്രൈസ്തവവീക്ഷണം എല്ലാ മതങ്ങളെയും ബഹുമാനിക്കുന്നതാണ്. നാം ആ ബഹുമാനം മറ്റുള്ളവർക്കു നൽകുമ്പോൾ തിരിച്ച് നമ്മുടെ വിശ്വാസത്തെയും പാരമ്പര്യത്തെയും ബഹുമാനിക്കാൻ എല്ലാ മനുഷ്യർക്കും കടമുണ്ട്.

ക്രിസ്തുവിനെയും വിശുദ്ധ ഗ്രന്ഥത്തെയും വിട്ടുള്ള ഒരു ജീവിതമല്ല എന്റെ മക്കൾ നയിക്കുന്നത് എന്ന് നെഞ്ചിൽ തൊട്ടു പറയാൻ ഓരോ മാതാപിതാക്കൾക്കും കഴിയണം. അതിനായി ഓരോ യുവതീയുവാക്കന്മാരിലും കുട്ടികളിലും വിശ്വാസത്തിന്റെ മൂല്യങ്ങൾ വളർത്തിയെടുക്കാനുതകുന്ന പ്രവർത്തനങ്ങൾ ഇടവകകളിലും കുടുംബങ്ങളിലും ഉണ്ടാകണം.

മറ്റുള്ളവർക്കു പന്തുതട്ടാനുള്ളതല്ല നമ്മുടെ വിശ്വാസം. എല്ലാ മനുഷ്യരെയും മതങ്ങളെയും ബഹുമാനിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തിൽ അടിയുറച്ചുനിൽക്കുവാൻ നമുക്കോരോരുത്തർക്കും സാധിക്കട്ടെ. സഭയെയും ക്രിസ്തുവിനെയും തള്ളിപ്പറഞ്ഞുകൊണ്ടുള്ള ഒരു നേട്ടവും നമുക്കാവശ്യമില്ല. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക; മറ്റുള്ളവരെയെല്ലാം കൂട്ടിച്ചേർക്കപ്പെട്ടുകൊള്ളും. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

**റെയ്ച്ചൽ ജോർജ്**
**തീക്കോയി**

# കാര്യക്ഷമതയില്ലാത്ത പഞ്ചായത്തു ഭരണങ്ങൾ

പുതിയൊരു പഞ്ചായത്തു തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന ഈ സമയം, ചിന്തനീയമായ ഒരു വിഷയമാണിത്.

കേരളത്തിലെ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതികളേറെയും യാന്ത്രികമായി ഭരണം നിർവഹിക്കുന്നവരാണ്. പലവിധ പരിഗണനവച്ചുള്ള സംവരണമനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ടുവരുന്ന സാമാജികർക്ക് ഒരു ഭരണസമിതിക്കാലം കഴിഞ്ഞാലും ഭരണ അറിവ് സിദ്ധിക്കുന്നില്ല. എന്നാൽ, പഞ്ചായത്ത് ഭരണത്തിലെ സകല പതിവുതിരിമറികളും ഇതിനകം അവർ അഭ്യസിക്കുന്നു.

ഗ്രാമപഞ്ചായത്തു തലത്തിൽ സംഭവിക്കുന്ന സകലകെടുതികൾക്കും കാരണം ഏതെങ്കിലും വിധത്തിൽ പഞ്ചായത്തുകളുടെ വീഴ്ചതന്നെയാണ്. അറിവും കാര്യപ്രാപ്തിയുമില്ലാത്ത ഭരണസമിതിയംഗങ്ങൾ പലർക്കും നടമാടുന്ന അഴിമതിയിൽ പങ്കു ചേരാനേ അറിയൂ.

പാർട്ടിയടിസ്ഥാനത്തിൽ മാസക്കണക്കു വച്ചു പങ്കിടുന്ന അധികാരം അംഗങ്ങളെ കളവു പഠിപ്പിക്കുന്നു. തന്റെ കാലാവധി കഴിയുമ്പോൾ 'സീറ്റു' തനിക്കോ സ്വന്തക്കാർക്കോ ആയി പിടിച്ചുവച്ച് ഇവർ പഞ്ചായത്തു ഭരണത്തിൽ കുടുംബാധിപത്യം സ്ഥാപിക്കുന്നു. കാലാവധി കഴിയാറായിട്ടും മുൻ ധാരണപ്രകാരമുള്ള അധികാരം പങ്കുവയ്പ് ഇപ്പോഴും നടക്കുന്നു! ജനത്തിനെന്തു ഗുണം!

ഗ്രാമീണയുവജനങ്ങൾ ഉണർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ പഞ്ചായത്തുകൾ ഇനിയും പഞ്ചാപത്തുകളായി ത്തുടരും.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി,**
**പെരുവ**

# വാബി സാബി അഥവാ ജീവിതത്തിന്റെ കാവ്യഭംഗി

*'സാരാംശത്തിലേക്കു സാവധാനം പോയാലും മതി,*
*എന്നാൽ അതിലെ കവിത നീക്കം ചെയ്യരുത്.'*

*– ലിയോനോർഡ് കോറൻ*



'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം?' എന്നത് വേദപുസ്തകത്തിലെ വലിയ ചോദ്യങ്ങളിൽ ഒന്നാണ്. കാലമെത്ര കഴിഞ്ഞാലും കൊടുങ്കാറ്റുപോലെ അലയടിച്ചുകൊണ്ടിരിക്കുന്ന ഒന്ന്. ടോൾസ്റ്റോയിയുടെ കഥയിലെ ആർത്തിപൂണ്ട മനുഷ്യനെക്കണക്ക് നില്ക്കാത്ത ഓട്ടമോടി ഒടുവിൽ ആറടി മണ്ണിൽ ഒടുങ്ങുന്നു ആദികാലം മുതല്ക്കേ അനേകമനുഷ്യർ. ഈ ഓട്ടപ്പാച്ചിലല്ല ജീവിതം എന്നു പഠിപ്പിക്കുകയാണ് ജാപ്പനീസ് തത്ത്വചിന്തയായ വാബി സാബി. എത്ര കുതിച്ചാലും പിന്നെയുമുണ്ടാകും അനേകകാതങ്ങൾ. പൂർണത ഒരു മിഥ്യാസങ്കല്പം മാത്രം. അതിനാൽ അപൂർണതയുടെ ജ്ഞാനത്തെ സ്വീകരിക്കുക. ജീവിതത്തെ അതിന്റെ കുറവുകളോടുകൂടിത്തന്നെ ആശ്ലേഷിക്കുക. നിരന്തരം അവനവനെത്തന്നെ പുതുക്കിക്കൊണ്ടേയിരിക്കുക. ഇതാണ് വാബി സാബി പറയുന്നത്. നബുവോ സുസുക്കി എഴുതിയ 'വാബി സാബി'ക്ക് ആമുഖപഠനം തയ്യാറാക്കിയിരിക്കുന്നത് ലോകപ്രശസ്തമായ 'ഇക്കിഗായ്: ആഹ്ലാദകരമായ ദീർഘായുസ്സിന് ഒരു ജാപ്പനീസ് രഹസ്യം' എന്ന ഗ്രന്ഥത്തിന്റെ രചയിതാക്കളിൽ ഒരാളായ ഹെക്ടർ ഗാർസിയയാണ്.

ഗ്രാമീണമായ ലാളിത്യം, മറഞ്ഞിരിക്കുന്ന ചാരുത, പുതുമ, ശാന്തത, അപൂർണതയുടെ മനോഹാരിത എന്നെല്ലാമാണ് വാബി എന്ന വാക്കിന്റെ അർഥം. പക്വത വന്ന അഥവാ പ്രായമായ സൗന്ദര്യവും ശാന്തതയും, അപൂർണതയെ ശ്ലാഘിക്കുമ്പോൾ ലഭിക്കുന്ന സന്തോഷം എന്നിങ്ങനെ സാബി എന്ന വാക്കിനും അർഥം വരുന്നു. ഇരുവാക്കിന്റെയും വേരുകൾ സെൻബുദ്ധിസവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിരന്തരപരിണാമിയായ ഈ പ്രപഞ്ചത്തിൽ ഒന്നിനെയും ഒരു വേള പോലും നിശ്ചലമാക്കി നിർത്താൻ നമുക്കാവില്ല എന്നും വാബി സാബി ഓർമിപ്പിക്കുന്നുണ്ട്. ഒരാൾക്കും ഒരു നദിയിലേക്ക് രണ്ടുതവണ കാലുകുത്താനാവില്ല. നദി മാത്രമല്ല നാടും നഗരവും നമ്മളും നമുക്കു ചുറ്റുമുള്ളതും എല്ലാം അശ്രാന്തമായി ഒഴുകിക്കൊണ്ടേയിരിക്കുന്നു. ഈ ഒഴുക്കിലാണ് ജീവിതത്തിന്റെ സംഗീതം. കെട്ടിക്കിടക്കുന്ന ജലം മലിനജലമായിത്തീരുന്നതുപോലെ ഒഴുക്കു നിലച്ചാൽ ജീവിതവും മലിനവും അസുന്ദരവുമാകും. 'ഞാൻ എല്ലായ്പോഴും വീണ്ടും തുടങ്ങുന്നു' എന്ന് ബുദ്ധൻ. ഇങ്ങനെ വീണ്ടും തുടങ്ങാനുള്ള മനോഭാവമാണ്, നിരന്തരമുള്ള സ്വയംപുതുക്കലാണ് ജീവിതത്തെ ജീവസ്സുറ്റതാക്കുന്നത്.

വാബി സാബിയുടെ തത്ത്വങ്ങൾ ജീവിതത്തിൽ ഉൾച്ചേർക്കാൻ സഹായകമായ ചില മാർഗനിർദേശങ്ങൾ ഗ്രന്ഥകാരൻ നൽകുന്നുണ്ട്.

* ദിവസം പുരോഗമിക്കുന്നതിനൊപ്പം നിങ്ങൾക്കു തോന്നുന്നതെന്തും ചെയ്യുക.

*നിങ്ങൾ ഇഷ്ടപ്പെടുന്ന ആരുടെയെങ്കിലും ഒപ്പം (അത് നിങ്ങൾതന്നെയാവാം) ധാരാളം പച്ചപ്പുള്ള സ്ഥലങ്ങളിൽ കുറച്ചുനേരം ചുറ്റിനടക്കുക.

*കണ്ണുകളടച്ച് നിങ്ങളുടെ ശ്വാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

കൂടുതൽ മനോനിറവോടെ ജീവിക്കാൻ, പ്രകൃതിയുടെ ജൈവികമായ താളലയങ്ങൾക്കനുസൃതം ജീവിതത്തെ ക്രമപ്പെടുത്താൻ ഈ വാബി സാബി സൂത്രങ്ങൾ സഹായിക്കുന്നു. വിജ്ഞാനവിസ്ഫോടനത്തിന്റെ കാലത്ത് ആത്മജ്ഞാനത്തിലേക്കുള്ള വഴികളാണ് വാബി സാബി ചൂണ്ടിക്കാട്ടുന്നത്. അതാവട്ടെ ഭൗതികതയ്ക്കപ്പുറം മനുഷ്യന്റെ നിലനില്പിന് അനിവാര്യമായതും.

**നിമിഷനേരംപോലും നിൽക്കാതെ നിരന്തരമായി പാഞ്ഞുകൊണ്ടിരിക്കുകയും എന്നിട്ടും എവിടെയും എത്തിച്ചേരാനാവാതെ പോവുകയും എവിടെയാണ് തെറ്റുപറ്റിയതെന്നറിയാതെ ഇരുട്ടിൽ തപ്പുകയും ചെയ്യുന്ന അത്യാധുനിക മനുഷ്യന്റെ ആത്മശാന്തിക്കുള്ള സിദ്ധൗഷധമാണ് വാബി സാബി.**

അനശ്വരതയുടെയും പൂർണതയുടെയും മഹത്ത്വത്തിന്റെയുമല്ല; മറിച്ച്, നശ്വരതയുടെയും അപൂർണതയുടെയും എളിമയുടെയുമാണ് വാബി സാബി പകരുന്ന ജീവിതപാഠങ്ങൾ. അത് ആവശ്യത്തിലധികം കൂട്ടിച്ചേർക്കാൻ ശ്രമിച്ചു കുഴപ്പത്തിൽ ചെന്നുചാടുന്നില്ല, പിന്നെയോ എന്താണോ യാഥാർഥ്യം അതിനെ സത്യസന്ധമായി ഉൾക്കൊള്ളുന്നു. വാബി സാബി ഭൂതകാലത്തിന്റെയോ ഭാവികാലത്തിന്റെയോ തത്ത്വശാസ്ത്രമല്ല, അത് ഇവിടെ ഇപ്പോൾ ഉള്ളതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.



ജിൻസ് കാവാലി

വാബി സാബി താരതമ്യത്തിന്റെ ഫലശൂന്യത തിരിച്ചറിയുന്നു. നമ്മുടെ സഹജമായ സ്വഭാവം, നമ്മൾ ജനിച്ച കുടുംബം, ജീവിതത്തിലുടനീളമുള്ള നമ്മുടെ അനുഭവങ്ങൾ എന്നിവയാൽ നിർമിതമാണ് നമ്മൾ വസിക്കുന്ന ലോകം. ആ ലോകത്തിരുന്ന് അപരന്റെ ലോകത്തെ വിധിക്കാൻ ആവില്ലെന്ന് വാബി സാബി ഓർമിപ്പിക്കുന്നുണ്ട്. മനുഷ്യരൊക്കെയും അപൂർണരാണ്. ഏതെങ്കിലുംവിധത്തിൽ കുറ്റങ്ങളും കുറവുകളുമുള്ളവരാണ്. ഈ കുറ്റങ്ങളോടും കുറവുകളോടുംകൂടിത്തന്നെ നിങ്ങൾക്ക് ആകാൻ സാധിക്കുന്ന ഏറ്റവും മികച്ച അപൂർണ വ്യക്തിയാവുക എന്നാണ് വാബി സാബി പറയുന്നത്.

അപൂർണതയെ എന്നപോലെതന്നെ അനശ്ചിതത്വത്തെയും ജീവിതത്തിന്റെ ഭംഗിയായാണ് വാബി സാബി കാണുന്നത്. അനിശ്ചിതത്വമാണ് ജീവിതത്തെ ചലനാത്മകമാക്കുന്നത്, ആവേശപൂർണമാക്കി മാറ്റുന്നത്. അവസാനദിനം വരെ എന്തു സംഭവിക്കും എന്നു നേരത്തേ അറിഞ്ഞുവെന്നാൽ ജീവിതോത്സാഹം കെട്ടുപോകും. ജീവിതത്തിന്റെ ചലനവേഗം നിലയ്ക്കും.

വാബി സാബിയിൽ ജീവിക്കാനാഗ്രഹിക്കുന്ന ഒരാൾ ജലംപോലെയായിരിക്കണം എന്നും ഗ്രന്ഥകാരൻ ഓർമിപ്പിക്കുന്നുണ്ട്. മുൻവിധികളും മുൻകൂട്ടി ശേഖരിച്ചുവച്ച ആശയങ്ങളും തകർക്കുക.

ഒരു അനുമാനങ്ങളും ഉണ്ടാകാതിരിക്കുക. സുതാര്യമായി വർത്തിക്കുക. ഇല്ലാത്തതൊന്നും ഉണ്ടെന്നു നടിക്കാതിരിക്കുക. നദിയുടെ ഒഴുക്കിനൊത്ത് ഒഴുകുന്ന ഇലയെപ്പോലെ അവനവന്റെ അന്തർജ്ഞാനത്തെ പിന്തുടരുക. അപ്പോൾ ജീവിതം സ്വാഭാവികസൗന്ദര്യമെന്തെന്നു തിരിച്ചറിയും. യഥാർഥ ജ്ഞാനത്തിലേക്കുള്ള പാത കണ്ടെത്തുകയും ചെയ്യും.

'ജീവിതം യഥാർഥത്തിൽ ലളിതമാണ്. എന്നാൽ, നമ്മുടെ പ്രവൃത്തികൾ അതിനെ സങ്കീർണമാക്കിത്തീർക്കുന്നു' എന്നു പറഞ്ഞത് കൺഫ്യൂഷ്യസാണ്. ഇതുതന്നെയാണ് മറ്റൊരുതരത്തിൽ വാബി സാബിയും പറയാൻ ശ്രമിക്കുന്നത്. ലാളിത്യത്തിന്റെ സൗന്ദര്യവും അപൂർണതയുടെ അഴകും നശ്വരമായതിന്റെ സാധ്യതകളും ഈ തത്ത്വശാസ്ത്രം പറഞ്ഞുവയ്ക്കുന്നു. നിമിഷനേരംപോലും നിൽക്കാതെ നിരന്തരമായി പാഞ്ഞുകൊണ്ടിരിക്കുകയും എന്നിട്ടും എവിടെയും എത്തിച്ചേരാനാവാതെ പോവുകയും എവിടെയാണ് തെറ്റുപറ്റിയതെന്നറിയാതെ ഇരുട്ടിൽ തപ്പുകയും ചെയ്യുന്ന അത്യാധുനികമനുഷ്യന്റെ ആത്മശാന്തിക്കുള്ള സിദ്ധൗഷധമാണ് വാബി സാബി. ആശയത്തിന്റെ ആഴവും സാരസത്തയും ചോർന്നുപോകാതെ ഈ കൃതി മലയാളത്തിലേക്കു വിവർത്തനം ചെയ്തിരിക്കുന്നത് നിതാന്ത് എൽ രാജാണ്. പ്രസിദ്ധീകരണം മഞ്ജുൾ പബ്ലിഷിങ് ഹൗസ്. ■



ഡോ. കുര്യാസ് കുമ്പളക്കുഴി

ഇസ്രയേൽ ഒരു ചരിത്രവിസ്മയം

5

# പാതിവഴിയിൽ തകർന്ന സമാധാനശ്രമങ്ങൾ

**1948** ലെ ഇസ്രയേൽ രാഷ്ട്രരൂപീകരണം മുസ്ലീംരാഷ്ട്രങ്ങളെ മുഴുവൻ പ്രകോപിച്ചിച്ച ഒരു നടപടിയായിരുന്നല്ലോ. ലോകം മുഴുവൻ ഇസ്ലാം ഭരണം നടപ്പിലാക്കുക എന്ന അവരുടെ ആഗ്രഹത്തിന് കടുത്ത ഒരെതിരാളിയെയാണ് അവർ ഇസ്രയേലിൽ കണ്ടത്. സൈനികനടപടികളിലൂടെ ആ രാഷ്ട്രത്തെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ പുതിയൊരു വിധ്വംസകശക്തി ലോകരാഷ്ട്രങ്ങൾക്കു മുഴുവൻ ഭീഷണിയായി ഉയിർത്തെണീറ്റു. അതാണ് ഇസ്ലാമിസ്റ്റു ഭീകരവാദം. തീവ്രവാദപ്രവർത്തനങ്ങളിലൂടെ ഇസ്ലാമികേതരശക്തികളെ ദുർബലപ്പെടുത്താനും തകർക്കാനുമുള്ള പ്രത്യക്ഷനീക്കമായിരുന്നു ഇത്തരം പ്രസ്ഥാനങ്ങളുടേത്. ഇവയിൽ ആദ്യത്തേത് പി.എൽ.ഒ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ട പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ ആണ്.

ഈജിപ്തിന്റെ പ്രേരണയിലാണു പിഎൽഒ രൂപമെടുത്തത്. ഇസ്രായേലിനെതിരേ ആക്രമണങ്ങൾ നടത്തിക്കൊണ്ടിരുന്ന വിവിധ അറബിഗ്രൂപ്പുകളെ സംയോജിപ്പിച്ചുകൊണ്ടാണ് പിഎൽഒ നിലവിൽ വന്നത്. 1969 ൽ യാസർ അരാഫത്ത് പ്രസിഡന്റായതിനു ശേഷമാണ് പി.എൽ.ഒ. ലോകശ്രദ്ധയിൽ വന്നത്. പരാജയപ്പെട്ട ഒട്ടേറെ സായുധനീക്കങ്ങൾക്കു ശേഷം അരാഫത്ത് ഒരു മിതവാദിയായി മാറി. എങ്കിലും ഇസ്രയേലിനെ തുടച്ചുനീക്കി ഒരു പലസ്തീൻരാഷ്ട്രമെന്ന സ്വപ്നം അദ്ദേഹം കൈവെടിഞ്ഞില്ല. ലക്ഷ്യം നേടാൻ സൈനികനടപടിയെക്കാൾ നയതന്ത്രപരമായ കൂടിയാലോചനകളാകും കൂടുതൽ ഫലപ്രദമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ആ ഉദ്ദേശ്യത്തോടെ അദ്ദേഹം ലോകരാഷ്ട്രങ്ങളുടെ തലവന്മാരുമായി സൗഹൃദം സ്ഥാപിച്ചു.

1988 ൽ പി.എൽ.ഒ. ഏകപക്ഷീയമായി ഒരു സ്വതന്ത്രപലസ്തീൻരാഷ്ട്രം പ്രഖ്യാപിച്ചിരുന്നു. പക്ഷേ, ലോകരാഷ്ട്രങ്ങളുടെ അംഗീകാരം നേടാൻ അവർക്കു സാധിച്ചില്ല. എങ്കിലും പലസ്തീനികൾക്ക് ഒരു സ്വന്തരാജ്യത്തിനവകാശമുണ്ടെന്ന വസ്തുത പൊതുവെ ചർച്ചാവിഷയമായി. ഏതാനും വർഷങ്ങൾക്കുശേഷം നോർവെ മുൻകൈയെടുത്ത് ഇസ്രയേൽ – പലസ്തീൻ നേതാക്കളുമായി നീണ്ട ഒത്തുതീർപ്പു ചർച്ചകൾ നടത്തി. അതിന്റെ ഫലമായി നോർവെയുടെ തലസ്ഥാനമായ ഓസ്ലോയിൽ രണ്ടു രാഷ്ട്രങ്ങളുടെയും നേതാക്കൾ നോർവെയുടെ മധ്യസ്ഥതയിൽ ഒരുമിച്ചിരുന്നു ചർച്ചചെയ്ത് രണ്ടുകൂട്ടരും പരസ്പരം അംഗീകരിക്കാൻ തീരുമാനമെടുത്തു. പലസ്തീനിന്റെ നേതാവായി ഇസ്രയേൽ യാസർ അരാഫത്തിനെ അംഗീകരിച്ചു. പകരം ഇസ്രയേലിന്റെ പരമാധികാരരാഷ്ട്രമെന്ന പദവി പിഎൽഒയും അംഗീകരിച്ചു.

ഓസ്ലോ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ സമാധാനവ്യവസ്ഥകൾ 1993 സെപ്റ്റംബറിൽ വാഷിങ്ടണിൽ നടന്ന ഒരു കോൺഫെറൻസിൽ ഒപ്പുവയ്ക്കപ്പെട്ടു. ഇത് 1993 ലെ ഓസ്ലോ ഉടമ്പടി എന്നറിയപ്പെടുന്നു.

ഓസ്ലോ ഉടമ്പടി വ്യവസ്ഥകളുടെ വിശദാംശങ്ങൾ ചർച്ച ചെയ്ത് മറ്റൊരു ഉടമ്പടികൂടി ഒപ്പുവയ്ക്കപ്പെട്ടു. 1993 സെപ്റ്റംബർ 13 ന് ഒപ്പുവയ്ക്കപ്പെട്ട ഈ കരാർ ഗാസാ – ജറീക്കോ എഗ്രിമെന്റ് എന്നറിയപ്പെടുന്നു. ഇതനുസരിച്ച് ഗാസയിൽനിന്നും ജറീക്കോയിൽനിന്നും ഒപ്പം വെസ്റ്റ് ബാങ്കിൽനിന്നും പടിപടിയായി ഇസ്രയേൽ അവരുടെ സൈന്യത്തെ പിൻവലിക്കും. അവിടെ തിരഞ്ഞെടുക്കപ്പെട്ട ഒരു പലസ്തീൻഗവൺമെന്റ് അധികാരമേല്ക്കും. പലസ്തീനു സ്വയംഭരണാവകാശമുണ്ടെന്ന ഇസ്രയേലിന്റെ സമ്മതം പിഎൽഒയ്ക്കും അതിന്റെ തലവൻ യാസർ അരാഫത്തിനും വലിയ നേട്ടമായി.

എന്നാൽ, വിധിവൈപരീത്യം കൊണ്ട് ഈ ഉടമ്പടികളുടെ വ്യവസ്ഥകൾ പൂർണമായി പാലിക്കപ്പെട്ടില്ല. ചർച്ചകൾക്കു നേതൃത്വം വഹിച്ച ഇസ്രയേൽ പ്രധാനമന്ത്രി യിത്ഷാക് റാബിൻ 1995 നവംബർ നാലിനു വെടിയേറ്റു മരിച്ചു. പി.എൽ.ഒയുമായുള്ള സമാധാനചർച്ചകളിൽ അസ്വസ്ഥനായിരുന്ന ഒരു ഇസ്രയേൽക്കാരൻതന്നെയായിരുന്നു ഘാതകൻ. തുടർന്നുനടന്ന പൊതുതിരഞ്ഞെടുപ്പിൽ ബഞ്ചമിൻ നെതന്യാഹു അധികാരത്തിലെത്തി. കരാർ വ്യവസ്ഥകൾ നടപ്പിലാക്കുന്ന കാര്യത്തിൽ അദ്ദേഹത്തിനു താത്പര്യം കുറവായിരുന്നു. അങ്ങനെ ഏതാണ്ടു വിജയത്തിലെത്തിയെന്നു കരുതപ്പെട്ട ഇസ്രയേൽ–പി.എൽ.ഒ. സമാധാനചർച്ചകൾ പാതിവഴിയിൽ നിലച്ചുപോയെന്നു പറയാം.

അങ്ങനെ പിഎൽഒയുടെ വിപ്ലവവീര്യം ഒട്ടൊക്കെ കെട്ടടങ്ങുകയും മധ്യപൂർവദേശത്തു സമാധാനത്തിന്റെ പ്രാവുകൾ പറന്നുപൊങ്ങുകയും ചെയ്യുമെന്നായപ്പോൾ കാലത്തിന്റെ മറ്റൊരു തമാശകൂടി കാണേണ്ടിവന്നു. കരാറുകൾക്കെതിരേ ഇസ്രയേൽ വിരുദ്ധ വികാരം ഊതിത്തെളിച്ചു




1882 ൽ ഇസ്രയേൽ ലബനോണുമായി ഏറ്റുമുട്ടി. ലബനോൺ ആസ്ഥാനമാക്കിയിരുന്ന തീവ്രവാദികൾ യു.കെയിലെ ഇസ്രയേൽ അംബാസഡറെ വധിക്കാൻ ശ്രമിച്ചതിനുള്ള തിരിച്ചടിയായിരുന്നു ഇത്. ഏതാണ്ട് 40 കിലോമീറ്റർ വരെ ലബനോണിലേക്ക് ഇസ്രയേൽസൈന്യം കടന്നുകയറി. ഇതിനോടുള്ള പ്രതികരണമെന്ന കൊണ്ട് ഹമാസ് എന്നൊരു പുതിയ തീവ്രവാദപ്രസ്ഥാനം രൂപം കൊണ്ടു. അത്യാവേശം എന്നാണ് പേരിനർഥം. ഷെയ്ക് അഹമ്മദ് ജാസിൻ സ്ഥാപകൻ. ഇറാൻ പ്രതിവർഷം 30 മില്യൻ ഡോളർ ഹമാസിനു സാമ്പത്തികസഹായം ചെയ്തിരുന്നു. ഇസ്രയേലിനെ തകർത്ത് ഒരു മുസ്ലീം രാഷ്ട്രം സ്ഥാപിക്കണമെന്നതാണവരുടെ ആത്യന്തികലക്ഷ്യം.

> ബിൻലാദൻവധം തീവ്രവാദിസംഘങ്ങളെ അക്ഷരാർഥത്തിൽ ത്തന്നെ ഞെട്ടിച്ചുകളഞ്ഞു. എത്ര ഒളിക്കാൻ ശ്രമിച്ചാലും അമേരിക്കയുടെ ചാരക്കണ്ണുകളിൽനിന്നു രക്ഷപ്പെടാനാവില്ലെന്ന് അവർക്കു ബോധ്യമായി. ഇതുപക്ഷേ, അവരുടെ പ്രതികാരദാഹം പൂർവാധികം വർധിപ്പിച്ചതേയുള്ളൂ.

നിലയിൽ പുതിയൊരു തീവ്രവാദിസംഘടന രൂപംകൊണ്ടു– ഹിസ്ബുള്ള. അള്ളാഹുവിന്റെ പാർട്ടി എന്ന് പേരിനർഥം. ഹസ്സൻ നാസറള്ള എന്ന പുരോഹിതനാണു സ്ഥാപകൻ. ഇസ്രയേലിന്റെ നാശമാണു ലക്ഷ്യം. ഇസ്രയേലിൽ നിരന്തരം ഗറില്ലാ ആക്രമണങ്ങളും റോക്കറ്റ് ആക്രമണങ്ങളും നടത്തിക്കൊണ്ടിരുന്നു. 2024 സെപ്റ്റംബർ 27 ന് ഇസ്രയേൽസൈന്യം നാസറള്ളയെ ഏറ്റുമുട്ടലിൽ വധിച്ചു.

1991 ൽ സ്ഥാപിതമായ മറ്റൊരു തീവ്രവാദസംഘടനയാണ് ഹൂതികൾ. യമനാണ് ആസ്ഥാനം. ദൈവത്തിന്റെ സഹായികൾ എന്നു പേരിനർഥം. ഇസ്രയേലിനെ നശിപ്പിക്കുന്നതിനു ദൈവത്തെ സഹായിക്കുന്നു എന്നാണു സങ്കല്പം. ഹുസൈൻ അൽ ഹൂതി ബാദ്രെദ്ദിൻ, അബ്ദുൾ മാലിക് എന്നീ തീവ്രവാദിനേതാക്കളാണു സംഘാടകർ. ആദ്യം ഒരു സാംസ്കാരിക, വൈജ്ഞാനികപ്രസ്ഥാനമായിട്ടാണു തുടക്കം. അമേരിക്കയുടെ അഫ്ഗാൻ, ഇറാക്ക് യുദ്ധങ്ങളോടെ സായുധസംഘടനയായി മാറി. ഇവരെ സഹായിക്കുന്നതും ഇറാൻ തന്നെയാണ്. ഹൂതിയുടെ മുഖ്യശത്രുക്കൾ മൂന്നാണ് – അമേരിക്ക, യഹൂദർ, ഇസ്രയേൽ. എല്ലാ തീവ്രവാദിസംഘടനകളുടെയും പൊതുശത്രുക്കൾ ഇവർ തന്നെ. ചിലപ്പോൾ ക്രൈസ്തവരെയും അവർ ശത്രുപക്ഷത്തു ചേർക്കും!

തീവ്രവാദിസംഘടനകളിൽ ഏറ്റവും ഭീകരമെന്നറിയപ്പെടുന്നത് അൽകായ്ദയാണ്. 1988 ൽ പാക്കിസ്ഥാനിലെ പെഷവാറിൽ സൗദി അറേബ്യൻ കോടീശ്വരൻ ഉസാമ ബിൻലാദന്റെ നേതൃത്വത്തിൽ സ്ഥാപിതമായി. എല്ലാ മുസ്ലീം രാഷ്ട്രങ്ങളെയും ഇസ്ലാമിക് കാലിഫേറ്റിന്റെ ഭരണത്തിൽ കൊണ്ടുവരികയാണു ലക്ഷ്യം. ഒപ്പം എല്ലാ മതേതരശക്തികളെയും നിർമൂലനം ചെയ്യണം; അമേരിക്കയും ക്രൈസ്തവരാജ്യങ്ങളുമൊന്നും നിലനില്ക്കാൻ പാടില്ല എന്നീ ലക്ഷ്യങ്ങളും ഉണ്ട്. എല്ലാം മുസ്ലീംരാജ്യങ്ങളിലെയും പാശ്ചാത്യസ്വാധീനം ഇല്ലാതാക്കുകയും ഇസ്രയേലിനെ നശിപ്പിക്കുകയും ചെയ്യണം. സിവിൽ നിയമങ്ങൾ മുഴുവൻ റദ്ദു ചെയ്തു ശരിയത്ത് നിയമം നടപ്പാക്കണം.

അമേരിക്കയെ ഒന്നാംനമ്പർ ശത്രുവായി കണ്ട അൽകായ്ദ നൈറോബി, കെനിയ, ടാൻസാനിയ, ഡാർ എസ് സലാം എന്നീ രാജ്യങ്ങളിലെ അമേരിക്കൻ എംബസികളിൽ ബോംബാക്രമണം നടത്തി ആയിരക്കണക്കിനു നിരപരാധികളെ കൊല ചെയ്തു. അവരുടെ ഏറ്റവും ഭീകരമായ ആക്രമണം 2001 സെപ്റ്റംബർ 11 ന് അമേരിക്കയുടെ വേൾഡ് ട്രേഡ് സെന്ററിലാണു നടന്നത്. ട്രേഡ് സെന്ററിന്റെ ഇരട്ട ഗോപുരങ്ങളിലേക്കു തീവ്രവാദികൾ വിമാനങ്ങൾ ഇടിച്ചു കയറ്റുകയായിരുന്നു. ട്രേഡ് സെന്റർ പൂർണമായി തകർന്നു. 3000 ത്തിലധികം ആളുകൾ കൊല്ലപ്പെട്ടു. 59 ബില്യൺ ഡോളറിന്റെ നാശനഷ്ടങ്ങളുണ്ടായി. ലോകവ്യാപാരരംഗത്തു ഗുരുതരമായ മാന്ദ്യം സംഭവിച്ചു. ലോകരാഷ്ട്രങ്ങളുടെ സമ്പദ്ഘടന ദുർബലമായി.

2001 സെപ്റ്റംബർ 11 മുതൽ തന്നെ ബിൻലാദനെ പിടികൂടി ഇല്ലായ്മ ചെയ്യാൻ അമേരിക്ക തീവ്രശ്രമം നടത്തി. പക്ഷേ, ലക്ഷ്യം കാണാൻ പത്തുവർഷം വേണ്ടിവന്നു. രഹസ്യത്താവളങ്ങൾ മാറിമാറി വേഷപ്രച്ഛന്നനായി താമസിച്ചുപോന്ന അയാളെ പിടികൂടുക എളുപ്പമായിരുന്നില്ല. ഒടുവിൽ അതു സംഭവിച്ചു. പാക്കിസ്ഥാനിലെ അബ്ബോട്ടാബാദിൽ ഒളിച്ചുതാമസിച്ചിരുന്ന ലാദനെ അമേരിക്കൻ കമാൻഡോകൾ പാക്കിസ്ഥാൻ പോലും അറിയാതെ ആകാശമാർഗം പറന്നെത്തി രഹസ്യതാവളത്തിൽ കടന്നുചെന്നു വധിച്ചു, 2011 മേയ് രണ്ടിന്. മൃതശരീരംപോലും അനുയായികൾക്കുവിട്ടുകൊടുത്തില്ല. അതു കത്തിച്ചുകളയുകയോ ഭാരം കെട്ടി കടലിൽ താഴ്ത്തിക്കളയുകയോ ചെയ്തെന്നു കരുതപ്പെടുന്നു.

ബിൻലാദൻവധം തീവ്രവാദിസംഘങ്ങളെ അക്ഷരാർഥത്തിൽ ത്തന്നെ ഞെട്ടിച്ചുകളഞ്ഞു. എത്ര ഒളിക്കാൻ ശ്രമിച്ചാലും അമേരിക്കയുടെ ചാരക്കണ്ണുകളിൽനിന്നു രക്ഷപ്പെടാനാവില്ലെന്ന് അവർക്കു ബോധ്യമായി. ഇതുപക്ഷേ, അവരുടെ പ്രതികാരദാഹം പൂർവാധികം വർധിപ്പിച്ചതേയുള്ളൂ. അവരെ വിശുദ്ധയോദ്ധാക്കളെന്നു വിശ്വസിച്ചു പ്രോത്സാഹിപ്പിക്കുന്ന മുസ്ലീം മൗലികവാദികളും ഏതാണ്ടെല്ലാ മുസ്ലീം രാഷ്ട്രങ്ങളും അവർക്കു പിന്തുണയുമായി രംഗത്തുണ്ട്.

*(തുടരും)*

## ട്രംപിന്റെ തീരുവയുദ്ധം: വഴി തേടി ഇന്ത്യ

# 'നാടൻ വാങ്ങി നാടുനന്നാക്കൂ'

*1-ാം പേജ് തുടർച്ച*



**നിരുപാധികം തുറക്കണം**

ഇന്ത്യയുടെ വിശാലവിപണി നിരുപാധികം തുറന്നുകിട്ടുക എന്നതാണു ട്രംപ് ലക്ഷ്യമിട്ടത്. ചർച്ചയിലൂടെ അതു പറ്റില്ല എന്നായപ്പോൾ അദ്ദേഹം സമ്മർദത്തിനു ശ്രമിച്ചു. അതാണ് 50 ശതമാനം ചുങ്കത്തിലേക്കു നയിച്ചത്.

പാക്കിസ്ഥാനു നേരേയുള്ള ഓപ്പറേഷൻ സിന്ദൂർ അവസാനിപ്പിച്ചതിലെ ട്രംപിന്റെ അവകാശവാദം ഇന്ത്യ പലവട്ടം പരസ്യമായി തള്ളിപ്പറഞ്ഞു. അതു ട്രംപിനു രസിച്ചിട്ടില്ല. മറ്റു രാജ്യങ്ങൾക്കു മുമ്പേ ഇന്ത്യയ്ക്കു പിഴച്ചുങ്കം ചുമത്തിയതിന് ഇതു പ്രധാനകാരണമായി പലരും കാണുന്നുണ്ട്. രണ്ടു വർഷമായി ഇന്ത്യ റഷ്യൻ എണ്ണ വാങ്ങുന്നു. ട്രംപ് മൂന്നാഴ്ച മുമ്പുവരെ അതിനെ വിമർശിച്ചിരുന്നില്ല. പിഴച്ചുങ്കം ചുമത്താൻ അതിനെ ഒരു വിഷയമായി എടുക്കുകയായിരുന്നു.

ട്രംപ് ഇന്ത്യയുമായി കരാർ ഉണ്ടാക്കാൻതന്നെയാണ് ആഗ്രഹിക്കുന്നത്. 143 കോടി ജനങ്ങളുള്ള, വളരുന്ന ഒരു രാജ്യത്തിന്റെ വിപണി വേണ്ടെന്നു വയ്ക്കാൻ അദ്ദേഹം തയാറാവില്ല. ഇന്ത്യ വഴങ്ങിക്കൊടുക്കാനാണ് സമ്മർദതന്ത്രം മെനഞ്ഞത്. ചർച്ചയില്ല എന്നു ട്രംപ് പറഞ്ഞെങ്കിലും ഇന്ത്യ പിൻവാതിലിലൂടെ ചർച്ചയ്ക്കു വഴി തേടുന്നുണ്ട്. ഓഗസ്റ്റ് 27 നു മുമ്പ് അതു ഫലവത്തായില്ലെങ്കിൽ ഇന്ത്യയുടെ കയറ്റുമതിയിൽ ഗണ്യമായ ഇടിവുണ്ടാകും.

**ആവശ്യം നമ്മുടേത്**

വർഷം 9000 കോടി ഡോളറിന്റെ (ഏകദേശം എട്ടു ലക്ഷം കോടി രൂപ) ഉൽപന്നങ്ങളാണ് ഇന്ത്യ അമേരിക്കയിലേക്കു കയറ്റുമതി ചെയ്യുന്നത്. ഇത് ഇന്ത്യയുടെ ആകെ കയറ്റുമതിയുടെ അഞ്ചിലൊന്നു വരും. അതിനു പകരം ഒരു വിപണി കണ്ടെത്തുക ഇന്ത്യയ്ക്ക് എളുപ്പമല്ല. യൂറോപ്യൻ യൂണിയനോ ജപ്പാനോ ഗൾഫ്‌രാജ്യങ്ങളോ ഉത്സാഹിച്ചാലും ഇത്രയും വാങ്ങുക എളുപ്പമല്ല പല ഇനങ്ങളും ആ രാജ്യങ്ങൾക്ക് ആവശ്യമില്ല എന്നതു തന്നെ കാരണം.

അമേരിക്കയുടെ മൊത്തം ഇറക്കുമതിയുടെ വെറും 2.7 ശതമാനമാണ് ഇന്ത്യയിൽനിന്നുള്ളത്. അവയിൽ 99 ശതമാനവും വേണമെങ്കിൽ മറ്റു രാജ്യങ്ങളിൽനിന്നു വാങ്ങാവുന്നതുമാണ്. അതായത്, ഇന്ത്യയ്ക്കാണ് അമേരിക്കൻവിപണിയെ കൂടുതൽ ആവശ്യമുള്ളത്.

അപ്പോൾ ഇന്ത്യ വഴങ്ങിയേ മതിയാകൂ - ഇതാണ് ട്രംപ് കരുതുന്നത്. അമേരിക്കൻ മൂലധനം ഇന്ത്യയിൽ സമീപവർഷങ്ങളിൽ വലിയ നിക്ഷേപമായി വന്നു ലക്ഷക്കണക്കിനു തൊഴിൽ ഉണ്ടാക്കുന്നതും ട്രംപിന് അറിയാം. വ്യാപാരയുദ്ധം മുറുകിയാൽ നിക്ഷേപവരവും കുറയും എന്ന കാര്യവും ഇന്ത്യയെ വിലപേശലിൽ ദുർബലമാക്കും.

**ചൈനയെ പ്രീണിപ്പിക്കുന്നു**

ഇന്ത്യയോടു കാണിക്കുന്ന എതിർപ്പ് വ്യാപാരവിഷയത്തിൽ മാത്രം ഉള്ളതല്ലെന്നും ചൈനയെ പ്രീണിപ്പിക്കുന്നതിന്റെ ഭാഗമാണെന്നും കരുതുന്നവർ കുറവല്ല.

ഏഷ്യയിൽ ചൈനയ്ക്കു സൈനിക - സാമ്പത്തിക ബദലായി തന്റെ മുൻഗാമികൾ ഇന്ത്യയെ കണ്ടതിനോടു ട്രംപിന് വലിയ താൽപര്യം കാണുന്നില്ല. ട്രംപിന് ലോകം മുഴുവൻ സൈനികമേധാവിത്വം അല്ല, സാമ്പത്തിക - സാങ്കേതിക മേധാവിത്വമാണ് ആവശ്യം. യൂറോപ്പിൽ റഷ്യയെ അധീശശക്തിയായി അംഗീകരിക്കാൻ ട്രംപ് ഒരുങ്ങിയതാണ്. റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ പിടിവാശി മൂലം ആ സാധ്യത തട്ടിത്തെറിപ്പിച്ച മട്ടാണ്. ചൈനയെ ഏഷ്യയിലെ വൻശക്തിയായി കണക്കാക്കി കാര്യങ്ങൾ നീക്കാനും ട്രംപിനു മടിയില്ല. സൈദ്ധാന്തിക പിടിവാശികൾ ഇല്ലാത്ത കച്ചവട മനഃസ്ഥിതിക്കാരനാണല്ലോ ട്രംപ്. തായ്‌വാനെ ചൈനയുടെ ഭാഗമാക്കാനും ട്രംപിനു വിഷമം വരില്ല. അങ്ങനെ ചൈന ഏഷ്യയിലെ സർവാധിപതി ആയാൽ ഇന്ത്യയ്ക്കു വലിയ ഭീഷണി, തീർച്ച!

മറ്റു മാർഗം ഇല്ലാതെയല്ല ഇന്ത്യ നിൽക്കുന്നത് എന്നു കാണിക്കാൻ ചൈനയിലേക്കുള്ള യാത്രകളോ റഷ്യൻ പ്രസിഡന്റിന്റെ സന്ദർശനമോ കൊണ്ടു സാധിക്കും എന്ന് അധികമാരും കരുതുന്നില്ല. ആ രണ്ടു രാജ്യങ്ങളോടും ട്രംപ് അടുപ്പത്തിലാകുമ്പോൾ നമുക്ക് എന്തു വില? ഇതെല്ലാം ഇന്ത്യ വഴങ്ങും എന്ന ട്രംപിന്റെ കണക്കുകൂട്ടലിൽ ഉണ്ടാകാം.

**മടക്കം സ്വദേശിയിലേക്ക്**

ട്രംപിന്റെ തീരുവ ആക്രമണം എന്ന അപ്രതീക്ഷിതപ്രഹരത്തോടുള്ള ഇന്ത്യയുടെ പ്രതികരണം സ്വദേശിയെ ഉയർത്തിപ്പിടിച്ചാണ്. ഇങ്ങനെയാകും കാര്യങ്ങൾ എന്ന് ഇന്ത്യ ചിന്തിച്ചിരുന്നില്ല. അതിനാൽ ബദൽവഴികൾ രൂപപ്പെടുത്തിയതുമില്ല. ഈ സാഹചര്യത്തിലാണു സ്വദേശിയിലേക്കുള്ള മടക്കം.

വിദേശബന്ധങ്ങൾ വഷളാകുമ്പോഴും ഇറക്കുമതി താങ്ങാനാവാതെ വരുമ്പോഴും ഒക്കെ ഇന്ദിരാഗാന്ധിയുടെ ഭരണകൂടം സ്വദേശിക്കുവേണ്ടി ശബ്ദം ഉയർത്തിയിരുന്നു. 'നാടൻ വാങ്ങി നാടു നന്നാക്കൂ' എന്നതുപോലുള്ള മുദ്രാവാക്യങ്ങളും അക്കാലത്തു കേട്ടിരുന്നു. ട്രംപിന്റെ ദുശ്ശാഠ്യം അവയിലേക്ക് ഇന്ത്യയെ തിരിച്ചുനടത്തുന്നു. തന്റെ ലോക്സഭാമണ്ഡലമായ വാരാണസിയിലെ ഒരു പൊതുയോഗത്തിൽ മോദി കഴിഞ്ഞ ദിവസം ആഹ്വാനം ചെയ്തത് ജനങ്ങൾ സ്വദേശി ഉൽപന്നങ്ങൾ കൂടുതലായി ഉപയോഗിക്കണം എന്നാണ്. 'കാരണം, ആഗോളസാഹചര്യം അസ്ഥിരമാണ്. ഓരോ രാജ്യവും സ്വന്തംകാര്യം മാത്രമാണു നോക്കുന്നത്': മോദി പറഞ്ഞു.

**നയത്തിൽ വഴിത്തിരിവ്**

അമേരിക്കൻ വിദേശനയത്തിലെ ഒരു വഴിത്തിരിവാണ് ട്രംപിന്റെ കാലത്തു കാണുന്നത്. അമേരിക്കയുടെ ആശ്രിതരാജ്യമായി നിൽക്കുന്ന തായ്‌വാന്റെ പ്രസിഡന്റും പ്രതിരോധമന്ത്രിയും ഈയിടെ അമേരിക്ക വഴി ദക്ഷിണ അമേരിക്കയിലേക്കു പോകാൻ പ്ലാനിട്ടത് റദ്ദാക്കേണ്ടി വന്നു. ചൈനയുടെ എതിർപ്പ് മൂലം, ട്രംപ് ഭരണകൂടം അവർക്ക് അമേരിക്കയിൽ ഇറങ്ങാൻ അനുമതി നിഷേധിച്ചതാണ് കാരണം.

നിർമിതബുദ്ധി ഉപയോഗിച്ചുള്ള ഏറ്റവും നവീനവും ശക്തവുമായ എച്ച്20 ചിപ്പുകൾ ചൈനയ്ക്കു വിൽക്കുന്നതിനുണ്ടായിരുന്ന വിലക്ക് ട്രംപ് ഈയിടെ മാറ്റി. സിവിലിയൻ, പ്രതിരോധ ഉപയോഗങ്ങൾ ഉള്ളതാണ് എൻവിഡിയ കമ്പനി നിർമിക്കുന്ന ഈ പ്രോസസറുകൾ. പ്രതിരോധവകുപ്പിന്റെ എതിർപ്പ് മറികടന്നാണു നടപടി. നിർമിതബുദ്ധിയിൽ ചൈനയെ മുന്നിലെത്തിക്കാൻ ഇതു വഴി തുറക്കും.

വ്യാപാരയുദ്ധം മുറുകിയപ്പോൾ അപൂർവധാതുക്കൾ നൽകുന്നതു ചൈന നിർത്തിവച്ചു. ഇതു ഭാഗികമായി പുനരാരംഭിക്കാനാണ് എച്ച്20 വില്പന അനുവദിച്ചത് എന്നു വ്യാഖ്യാനമുണ്ട്. അപൂർവധാതുക്കൾ കിട്ടാതെ വന്നാൽ വാഹനങ്ങൾ മുതൽ മിസൈലുകൾ വരെ നിർമിക്കാൻ പറ്റാതെ വരും.

■

---

**ശ്രേഷ്ഠമലയാളം**



**ഡോ. ഡേവിസ് സേവ്യർ**

റിലീസ് ചെയ്തശേഷം നാനൂറുദിവസം തുടർച്ചയായി 'ഓടി' സർവകാല റിക്കോഡിട്ട ഒരു സിനിമയുണ്ട് - 1988 ൽ പുറത്തിറങ്ങിയ 'ചിത്രം!' പ്രിയദർശൻ സംവിധാനം ചെയ്ത പ്രസ്തുത സിനിമയ്ക്കുവേണ്ടി ഗാനങ്ങൾ ചിട്ടപ്പെടുത്തിയത് കണ്ണൂർ രാജനും വരികൾ എഴുതിയത് ഷിബു ചക്രവർത്തിയുമാണ്. മോഹൻലാൽ, രഞ്ജിനി, നെടുമുടിവേണു, എം.ജി. സോമൻ എന്നിവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ചു. ചലച്ചിത്രത്തിന്റെ അവസാനത്തെ സീനിൽ മോഹൻലാൽ, സോമനോടു ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: "എന്നെ കൊല്ലാതിരിക്കാൻ പറ്റുമോ, ഇപ്പോ ജീവിക്കാൻ തോന്നുന്നു." ഈ സംഭാഷണം കേട്ട് തിയേറ്ററിലിരുന്നു തേങ്ങിപ്പോയ പ്രേക്ഷകരാണ് 'ചിത്ര'ത്തെ സൂപ്പർഹിറ്റാക്കിയതെന്ന് സംവിധായകൻ ഉൾപ്പെടെയുള്ള അണിയറ പ്രവർത്തകർ വിശ്വസിക്കുന്നു.

# ദൂരെക്കിഴക്കുദിക്കിൻ

ഒമ്പതു ഗാനങ്ങളുള്ള ആ സിനിമയിൽ നാടൻപാട്ടിന്റെ ശൈലിയിൽ ഷിബു രചിച്ച ഒരു പാട്ടുണ്ട്. 'ദൂരെക്കിഴക്കുദിക്കിൻ മാണിക്കച്ചെമ്പഴുക്ക/ ഞാനിങ്ങെടുത്തുവച്ചേ എന്റെ വെറ്റിലത്താമ്പാളത്തിൽ' എന്നാണാ ഗാനത്തിന്റെ പല്ലവി തുടങ്ങുന്നത്. എം.ജി. ശ്രീകുമാറും ചിത്രയും ചേർന്ന് ആ ഗാനം ആലപിച്ചു. രണ്ടുപേരും രചനാശുദ്ധി നിലനിർത്തി പാടിയ പാട്ട്, പിൽക്കാലഗായകർ ആലപിക്കുമ്പോൾ ആവർത്തിക്കുന്ന ഒരു തെറ്റിനെപ്പറ്റി ഷിബു ചക്രവർത്തി പറയുന്നതു കേൾക്കുക: "ദൂരെക്കിഴക്കുദിക്കും മാണിക്യച്ചെമ്പഴുക്ക... എന്നാണ് ആളുകൾ ഇത് തെറ്റിപ്പാടുന്നത്. ഞാനെഴുതിയത് 'ദൂരെക്കിഴക്കുദിക്കിൻ മാണിക്യച്ചെമ്പഴുക്ക' എന്നാണ്."* കിഴക്കുദിക്കിൻ എന്നെഴുതിയത് ഗാതാക്കൾക്കു 'കിഴക്കുദിക്കും' എന്നായിപ്പോയി. പുതിയ ഗായകർ തിരുത്തിപ്പാടാൻ ശ്രദ്ധിക്കണം. മറിച്ചായാൽ ഈ തെറ്റ് ഉറച്ചുപോകാം. പിന്നെ തിരുത്തു പ്രയാസമാണല്ലോ!

കിഴക്കുദിക്കിൻ എന്നതിന് ദിക്കിന്റെ എന്നാണർഥം. പ്രത്യയം ഇല്ലാതെ വിഭക്തിധർമ്മം അനുഷ്ഠിക്കുന്ന ഇത്തരം ശബ്ദയോഗങ്ങൾക്ക് വിഭക്ത്യാഭാസം എന്നു പറയുന്നു. തെങ്ങിൻ (ന്റെ) കള്ള്, മാവിൻ (ന്റെ) ചുവട് എന്നിങ്ങനെ മറ്റ് ഉദാഹരണങ്ങൾ. ഇവ സൂക്ഷ്മാർഥത്തിൽ സംബന്ധികാഭാസങ്ങളാണ്. വിഭക്ത്യാഭാസത്തിലെ ലുപ്തം എന്ന വിഭാഗത്തിൽ ഇവ ഉൾപ്പെടും. ലുപ്തം: പ്രത്യയം ചേർക്കേണ്ടിടത്ത് ഇടനില മാത്രം ചേർക്കുകയോ പ്രത്യയവും ഇടനിലയും ഇല്ലാതെ പ്രകൃതിമാത്രം ഉപയോഗിക്കുകയോ പ്രത്യയത്തിനു പകരം ദ്യോതകങ്ങൾ മാത്രം പ്രയോഗിക്കുകയോ ചെയ്യുന്നതാണ് ലുപ്തം** (സംബന്ധികാർഥത്തിൽ ഇൻ, അൻ, അം എന്നിങ്ങനെയുള്ള ഇടനിലകൾ പ്രയോഗിച്ചുകാണുന്നു.)

* ഷിബു ചക്രവർത്തി, പിച്ചകപ്പൂങ്കാവുകൾക്കുമപ്പുറം, ടെൽബ്രെയ്ൻ ബുക്സ്, കൊച്ചി, 2025, പുറം - 102

** ഗോപിക്കുട്ടൻ, പ്രൊഫ. മലയാളവ്യാകരണം, കറന്റ് ബുക്സ്, കോട്ടയം, 2002, പുറം - 75.

---

**നുറുങ്ങു കഥ**

**ബാലഗോപാലൻ പേരൂർ**

## അപരിചിതൻ



നിരത്തിലൂടെ നടന്നുപോകവേ കലുങ്കിനു സമീപം നിന്ന് ഒരാൾ ഭാരമേറിയതെന്തോ അടിയിലൂടെ തള്ളി വയ്ക്കുന്നതു കണ്ട് അയാൾ അങ്ങോട്ടേക്കു ചെന്നു.

"നിങ്ങളിവിടെ എന്തു ചെയ്യുകയാണ്?" അടുത്തെത്തിയ അയാൾ ചോദിച്ചു.

"ഞാനൊരു ജഡം ഒളിപ്പിക്കുകയാണ്." മറുപടി.

"നോക്കട്ടെ ആരാണെന്ന്?"

"നോക്കിക്കോ."

നോക്കിയശേഷം അയാൾ പറഞ്ഞു:

"ഓ... ഇതെന്റെ ആരുമല്ല. ഞാൻ പോകുന്നു."

അയാൾ നടന്നകന്നു.




വീയെൻ

# വിദേശം കൊതിപ്പിക്കുമ്പോൾ

**പു**തിയ കാലത്തിന്റെ ഏറ്റവും പുതിയ പ്രവണതകളിലൊന്ന് വിദേശങ്ങളിലേക്കുള്ള യുവജനങ്ങളുടെ ഒഴുക്കാണ്. പഠിക്കാനും ജോലിക്കുമായി യുവജനങ്ങൾ കൂട്ടത്തോടെ കേരളമണ്ണിൽനിന്നു പലായനം ചെയ്യുന്നുവെന്നത് നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. ഇത്തരമൊരു പറിച്ചുനടലിന് യുവജനങ്ങൾ നിർബന്ധിതരാക്കപ്പെടുന്നതിൽ അവരെ കുറ്റംപറയാനുമാവില്ല. സ്വജനപക്ഷപാതവും കെടുകാര്യസ്ഥതയും പിൻവാതിൽനിയമനവും ചേർന്ന് അർഹതയുള്ളവർക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുകയും അനർഹരും തങ്ങളുടെ പാർട്ടിക്കാരും കുടുംബക്കാരും ജോലിക്കാരായി മാറുകയും ചെയ്യുന്ന അത്യന്തം ദയനീയമായ സാഹചര്യത്തിൽ ജീവിതം കരുപ്പിടിപ്പിക്കാനായിട്ടാണ് ഭൂരിപക്ഷം ചെറുപ്പക്കാരും വിദേശത്തേക്കു പോകുന്നത്.

വിദേശരാജ്യങ്ങളിൽ കിട്ടുന്ന വ്യക്തിസ്വാതന്ത്ര്യവും സാമ്പത്തികനേട്ടവും ഭാവിസുരക്ഷിതത്വവും ചിലരെ അവിടേക്ക് ആകർഷിക്കുന്നുമുണ്ട്. എന്നാൽ, ഇങ്ങനെ കുടിയേറുന്ന എല്ലാവരുടെയും ജീവിതം സുരക്ഷിതമാണോ? അവർ ആഗ്രഹിക്കുന്നതുപോലെയാണോ എല്ലാക്കാര്യങ്ങളും സംഭവിക്കുന്നത്? വിദേശത്തു പോകുക എന്നതുമാത്രമാണോ എല്ലാ ചെറുപ്പക്കാരുടെയും ജീവിതലക്ഷ്യം? ഇങ്ങനെയുള്ള രണ്ടുമൂന്നു ചോദ്യങ്ങളിലേക്കു വെളിച്ചംവീശുന്ന ചിത്രമാണ് അരുൺ വൈഗ സംവിധാനം ചെയ്ത് രഞ്ജിത് സജീവ് നായകനായ 'യുണൈറ്റഡ് കിങ്ഡം ഓഫ് കേരള.'

സമകാലികകേരളത്തിന്റെ മുഖമാണ് ഈ ചിത്രം അനാവരണം ചെയ്യുന്നത്. മകനെ യുകെയിൽ അയച്ച് അവന്റെ ജീവിതം ഭദ്രമാക്കാൻ ശ്രമിക്കുന്ന അപ്പൻ. എന്നാൽ, നാട്ടിൽത്തന്നെ നിന്നു ജീവിതം കരുപ്പിടിപ്പിക്കാൻ ആഗ്രഹിക്കുന്ന മകൻ. അപ്പനോടു തന്റെ മനസ്സ് തുറന്നുകാണിക്കാൻ കഴിയാതെവരുന്നതിനെപ്രതി അവൻ ബോധപൂർവം ഐഇഎൽറ്റിഎസ് പരീക്ഷയിൽ തുടർച്ചയായി പരാജയപ്പെടുകയും ഒടുവിൽ അപ്പന്റെ ആഗ്രഹത്തെപ്രതി പരീക്ഷയിൽ ജയിക്കുകയും ചെയ്യുന്നു. പിന്നീടാണ് ഒരു പ്രത്യേകസന്ദർഭത്തിൽ തന്റെ ആഗ്രഹം അവൻ അപ്പനെ അറിയിക്കുന്നത്. സമാനചിന്താഗതിക്കാരായ ചില കൂട്ടുകാരുമൊത്ത് തങ്ങളുടെ മനസ്സിലെ പുതുമയുള്ള സംരംഭങ്ങളിലേക്ക് ഇറങ്ങിത്തിരിക്കുന്ന അവർ അപ്രതീക്ഷിതമായി ചില പ്രതികൂലാനുഭവങ്ങളെ നേരിടേണ്ടിവരികയും ഒടുവിൽ അതിനെയെല്ലാം തരണം ചെയ്യുകയും ചെയ്യുന്നു.

സമകാലികപ്രസക്തമായ ഒരു വിഷയത്തെയാണ് അവതരിപ്പിച്ചതെങ്കിലും അതു പ്രേക്ഷകരിലേക്കു വേണ്ടവിധത്തിൽ എത്തിക്കാൻ പല കാരണങ്ങൾകൊണ്ടും കഴിയാതെപോയി എന്നത് ചിത്രത്തിന്റെ ന്യൂനതയാണ്. പ്രശസ്തനല്ലാത്ത സംവിധായകനും നായകനായി പൊതുസമൂഹം അംഗീകരിക്കാൻ വിസമ്മതിക്കുന്ന നടനും എന്നതും ഇതിന്റെ മറ്റൊരു കാരണമാണ്. അതെന്തായാലും നമ്മുടെ സംസ്ഥാനം നേരിടുന്ന വലിയൊരു പ്രശ്നത്തെ തങ്ങളുടെ പരിമിതികളിൽ നിന്നുകൊണ്ട് അവതരിപ്പിക്കാൻ ഇക്കൂട്ടർ നടത്തിയ ശ്രമം ശ്ലാഘനീയമാണ്. വിദേശത്തേക്കു പോകാതെ നാട്ടിൽത്തന്നെ കഴിഞ്ഞുകൂടുന്ന ഒരു നായകൻ മലയാളികളുടെ സങ്കല്പങ്ങൾക്കു വിരുദ്ധനായതുകൊണ്ടുകൂടിയാവാം ചിത്രത്തെ യുവതലമുറ തള്ളിക്കളഞ്ഞത്.



കേരളം വരുംവർഷങ്ങളിൽ വൃദ്ധരുടെ നാടായി മാറും എന്നതിനെക്കുറിച്ചും ആൾത്താമസമില്ലാതെ കിടക്കുന്ന പാർപ്പിടങ്ങളെക്കുറിച്ചും വലിയ വായിലേ നിലവിളിക്കുന്ന നമ്മൾ അതിന്റെ പിന്നിലെ യഥാർഥപ്രശ്നം കാണാതെ പോകുന്നുവെന്നതാണ് പരിതാപകരം. വിദേശത്തുപോകാതെ നാട്ടിൽത്തന്നെ തങ്ങളുടെ കഴിവും ഊർജവും ചെലവഴിച്ച് അന്തസ്സോടെ ജീവിക്കാനാഗ്രഹിക്കുന്ന ചെറുപ്പക്കാരെപ്പോലും ബ്യൂറോക്രസിയുടെ കരാളഹസ്തങ്ങൾ പിടികൂടുകയും ഞെരുക്കുകയും ചെയ്യുന്നതായിട്ടാണ് വാർത്തകൾ. സിനിമയിലും അത്തരം മുഖങ്ങളെ അവതരിപ്പിക്കുന്നുണ്ട്.

കിടപ്പാടംപോലും പണയംവച്ച് ഭീമമായ തുക ലോണെടുത്ത് സ്റ്റുഡന്റ്സ് വീസയ്ക്കു യുകെയിലേക്കും മറ്റു വിദേശരാജ്യങ്ങളിലേക്കും പോകുന്ന ചെറുപ്പക്കാർക്കു സംഭവിക്കുന്ന ദുരന്തവും അവർ ചെന്നുപെടുന്ന സാഹചര്യവും ജ്യോതി എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കപ്പെടുമ്പോൾ അതാരുടെ നെഞ്ചിനെയാണ് വേദനിപ്പിക്കാത്തത്? പരാജയപ്പെടുന്ന ജ്യോതിമാരെ അധികം അവതരിപ്പിക്കാതെ വിജയിക്കുന്ന ജ്യോതിമാരെയാണ് മാധ്യമങ്ങൾ കൂടുതലായും അവതരിപ്പിക്കുന്നത് എന്നതുകൊണ്ടുതന്നെ ഈയാംപാറ്റകളെപ്പോലെ കരിഞ്ഞുവീഴുന്ന ജ്യോതിമാരെ പലരും അറിയാതെപോകുന്നു.

വിദേശമലയാളികളുടെ വരുമാനവും സംഭാവനയും കേരളത്തിന്റെ വളർച്ചയിൽ നിർണായകപങ്കുവഹിച്ചിട്ടുണ്ട് എന്നതു നിഷേധിക്കുന്നില്ല. പക്ഷേ, ലഹരി തലയ്ക്കു പിടിച്ചവരെപ്പോലെ വിദേശഭ്രമംമൂലം ജീവിതം വഴിതെറ്റിപ്പോകുന്ന ഒരുപറ്റം ചെറുപ്പക്കാരും നമുക്കിടയിലുണ്ട്. അവരുടെ കുടിയേറ്റംമൂലം വീടുകളിൽ ആരുമില്ലാതെവരുന്ന അവസ്ഥയുമുണ്ട്. മുറ്റത്തെ കള പറിക്കാൻപോലും ബംഗാളിയെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം. ഈ പശ്ചാത്തലത്തിലാണ് സ്വന്തം നാടിനെ സ്നേഹിക്കാൻ പ്രേരിപ്പിക്കുന്ന, വിദേശഭ്രമംമൂലം അപകടത്തിൽചെന്നു ചാടുന്നവരുടെ നിസ്സഹായത തുറന്നു കാട്ടുന്ന പ്രസ്തുത സിനിമ സോദ്ദേശ്യമാകുന്നത്.

വളരെ പ്രസക്തവും കാലികവുമായ ഒരു വിഷയമാണ് 'യുണൈറ്റഡ് കിങ്ഡം ഓഫ് കേരള' പറയുന്നതെങ്കിലും അദ്ഭുതപ്പെടുത്തിയത് ഈ സിനിമയെക്കുറിച്ച് വേണ്ടത്ര ചർച്ചകൾ നടന്നില്ല എന്നതാണ്. വിദേശരാജ്യങ്ങളിലേക്കു യുവജനങ്ങൾ കുടിയേറുമ്പോൾ നമ്മുടെ നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നികത്താനാവാത്ത വിടവിനെക്കുറിച്ചും അതു സൃഷ്ടിക്കുന്ന സാമൂഹികവും സാംസ്കാരികവുമായ ആഘാതങ്ങളെക്കുറിച്ചും വായ് തോരാതെ സംസാരിക്കുന്നവർപോലും ഈ സിനിമയെക്കുറിച്ചു ചർച്ച ചെയ്യുന്നതായി കണ്ടില്ല.

വിദേശത്തു പോകുന്നവരെല്ലാം സുഖിക്കുകയോ ആഡംബരജീവിതം നയിക്കുകയോ അല്ല എന്നു മനസ്സിലാക്കുകയാണ് ആദ്യം വേണ്ടത്. വിവാഹിതനായി വിദേശത്തു ഭാര്യയ്ക്കൊപ്പം ജീവിക്കേണ്ടിവരുന്ന പുരുഷന്മാരുടെ അവസ്ഥ ജിത്തുജോസഫിന്റെ 'ലൈഫ് ഓഫ് ജോസൂട്ടി' അനാവരണം ചെയ്യുന്നുണ്ട്. എന്നാൽ, അന്ന് ഇത്രയും കുത്തൊഴുക്ക് യൂറോപ്യൻരാജ്യങ്ങളിലേക്കു സംഭവിച്ചിട്ടുണ്ടായിരുന്നില്ല. പണ്ടുകാലത്തെ ഗൾഫിന്റെ പരിച്ഛേദമാണ് ഇപ്പോഴത്തെ യൂറോപ്പും അമേരിക്കയും.

അഹമ്മദ് സലീം സംവിധാനം ചെയ്ത 'പത്തേമാരി' എന്നൊരു മമ്മൂട്ടി സിനിമയുണ്ട്. കുന്നേൽ നാരായണൻ എന്ന പ്രസ്തുത കഥാപാത്രം ഗൾഫിലെ മണലാരണ്യത്തിൽ ജീവിക്കുന്ന, കുടുംബത്തിനുവേണ്ടി കഷ്ടപ്പെടുന്ന മധ്യവയസ്കനാണ്. പണം കായ്ക്കുന്ന മരമായിട്ടാണ് അയാളെ ഭാര്യപോലും കരുതുന്നത്. പിന്നെ മക്കളുടെ കാര്യം പറയാനുണ്ടോ? നാട്ടിൽ അവധിക്കു വരുന്ന നാരായണൻ സെന്റും അത്തറും ബന്ധുക്കൾക്കു വിതരണം ചെയ്യുമ്പോൾ അവരിലൊരാൾ പറയുന്നത് 'നാരായണന് ഇവിടെ അതിന്റെയൊന്നും ആവശ്യമില്ലല്ലോ എന്നും അത്തറും അടിച്ചാണല്ലോ ഗൾഫിൽ ജീവിക്കുന്നത്' എന്നാണ്. പാവം നാരായണനു മാത്രമേ തന്റെ അവസ്ഥ അറിയാവൂ. അയാൾതന്നെ പറയുന്ന ഒരു വാചകമുണ്ട്. നാട്ടിലേക്ക് ഇരുപതു രൂപ അയയ്ക്കുമ്പോൾ അതിൽ പത്തുരൂപ തന്റെയും പത്തുരൂപ കടം വാങ്ങിയതുമായിരിക്കും. പക്ഷേ, വീട്ടുകാർ വിചാരിക്കുന്നത് നാല്പതു രൂപ ഗൾഫിൽ ധൂർത്തടിച്ചിട്ട് ഇരുപതു രൂപ നാട്ടിലേക്ക് അയയ്ക്കുന്നുവെന്നാണ്. 'അറബിക്കഥ' എന്ന ലാൽ ജോസ് സിനിമയിലും വിദേശമലയാളിയുടെ ജീവിതയാതനകൾ കോറിയിട്ടിട്ടുണ്ട്. ഗൾഫിൽ ഇപ്രകാരം ജീവിക്കുന്ന, മുണ്ടുമുറുക്കിയുടുത്തു നാട്ടിലേക്കു പണം അയയ്ക്കുന്ന മലയാളികളുടെ പുതിയ രൂപമാണ് യൂറോപ്യൻ രാജ്യങ്ങളിലേക്കു കുടിയേറിയിരിക്കുന്ന മലയാളികളുടേത് എന്നത് അവരുമായി അടുത്തിടപഴകിയിട്ടുള്ളവർക്കറിയാം. ഇക്കരെ നില്ക്കുമ്പോൾ അക്കരപ്പച്ച എന്നു തോന്നുന്നതുപോലെയാണ് കാര്യങ്ങൾ. ഈ യാഥാർഥ്യങ്ങളിലേക്ക് അല്പമെങ്കിലും വെളിച്ചം വീശാൻ 'യുണൈറ്റഡ് കിങ്ഡം ഓഫ് കേരള'യ്ക്കു കഴിഞ്ഞിട്ടുണ്ട്.

■

നോവൽ 4



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

സർക്കിൾ ഇൻസ്പെക്ടർ മോഹൻകുമാർ കൃത്യസമയത്തു തന്നെ ഓഫീസിലെത്തി. പാലച്ചുവട്ടിൽ ജോസ്മകൻ ടോണി, സഹോദരിയുടെ ദുരൂഹമരണവുമായി ബന്ധപ്പെട്ടു നൽകിയിരിക്കുന്ന പരാതി അദ്ദേഹം ഒരിക്കൽക്കൂടി വായിച്ചു. ഏതോ മികച്ച ക്രിമിനൽവക്കീലിന്റെ സഹായത്തോടെയാണ് പരാതി തയ്യാറാക്കിയിരിക്കുന്നതെന്ന് അദ്ദേഹത്തിനുറപ്പായി. രാവിലെ താൻ വിളിച്ചുവരുത്തുന്ന മേടയ്ക്കൽ മാത്തുക്കുട്ടി നിസ്സാരനല്ലെന്നും സർക്കിൾ ഇൻസ്പെക്ടർക്കറിയാം.

പെട്ടെന്ന് സി.ഐ.യുടെ മൊബൈൽഫോൺ റിങ് ചെയ്തു. റിങ്ങിങ് അവസാനിക്കാറായപ്പോൾ അദ്ദേഹം കോളെടുത്തു.

“ഹലോ. ആരാണ്?”

‘‘എം.എൽ.എ. ബാബു ജോർജാണ്.”

‘‘സാർ.... എന്താ സാർ? സാറിന്റെ നമ്പരല്ലാത്തതുകൊണ്ട്...”

“ഞാൻ മറ്റൊരു നമ്പരീന്നാ വിളിക്കുന്നെ. നമ്മടെ മേടയ്ക്കലെ മാത്തുക്കുട്ടിച്ചായനെ കസ്റ്റ്യൻ ചെയ്യാൻ വിളിച്ചിട്ടുണ്ടോ?”

“ഉണ്ടല്ലോ.”

‘‘അയാൾക്കിതിലൊന്നും യാതൊരു മനസ്സറിവുമില്ല സാറെ. നമ്മൾക്ക് വളരെ വേണ്ടപ്പെട്ട ഒരാളുമാ.”

“മുകളീന്ന് ഐ.ജി. വിളിച്ചിരിക്കുകാ സാറെ. ഇമ്മീഡിയറ്റായിട്ടന്വേഷിക്കണമെന്ന്, ഹോം മിനിസ്റ്ററുടെ നിർദേശം. പത്രക്കാരും ചാനലുകാരും കൂടി വല്ലാതെ ഇളക്കി. സുന്ദരിയായ ഒരു പെണ്ണിന് എന്തേലും സംഭവിച്ചാ പിന്നെ ഇവന്മാരെല്ലാം ആ പുറകെയാ. നമ്മളെയാ വലയ്ക്കുന്നെ.”

“പോലീസ്സ്റ്റേഷനിൽ അങ്ങനെ കേറി പരിചയമില്ലാത്തതുകൊണ്ട് ഇത്തിരി ചമ്മലും ഭയപ്പാടുമൊക്കെ നമ്മുടെ കക്ഷിക്കുണ്ട്. അതുനോക്കി കൈകാര്യം ചെയ്യണം.”

“ആ കാര്യം ഞാനേറ്റു. ചായയൊക്കെ കൊടുത്തു സൽക്കരിച്ച് കാര്യം നടത്തി വിട്ടേക്കാം. എം.എൽ.എ. പറഞ്ഞ കാര്യം സൂചിപ്പിക്കുകേം ചെയ്തേക്കാം.”

“മതി. ധാരാളം മതി.”

എം.എൽ.എ. ബാബു ജോർജ് സംതൃപ്തിയോടെ ഫോൺ കട്ടാക്കി. കൃത്യസമയത്തുതന്നെ മേടയ്ക്കൽ മാത്തുക്കുട്ടി സർക്കിൾ ഇൻസ്പെക്ടറെ കാണാനെത്തി. പത്തുമിനിറ്റു നേരം വെളിയിൽ കാത്തുനിന്നതിനുശേഷമാണ് സി.ഐ.യെ കയറിക്കാണാൻ അനുമതി കിട്ടിയത്. അയാൾ കയറിച്ചെന്നപ്പോഴും മോഹൻകുമാർ കാണാത്തമട്ടിൽ ഏതോ ഫയലിൽ നോക്കിയിരുന്നു. പിന്നെ മുഖമുയർത്തി അയാളെ നോക്കി.

‘‘മാത്തുക്കുട്ടി മേടയ്ക്കൽ അല്ലേ?” സി.ഐ. ഗാംഭീര്യമുള്ള ശബ്ദത്തിൽ തിരക്കി.

“അതെ.” മാത്തുക്കുട്ടി വിനയത്തോടെ നിന്നു.

“സീറ്റിലിരുന്നോളൂ. എം.എൽ.എ. വിളിച്ചിരുന്നു.’’ സി.ഐ. അനുമതി കൊടുത്തപ്പോൾ മാത്തുക്കുട്ടി അദ്ദേഹത്തിനെതിരേ കസേരയിൽ കടന്നിരുന്നു.

‘‘മകനുമായും മരുമകളുമായും ഒട്ടും സ്വരച്ചേർച്ചയിലായിരുന്നില്ല, അല്ലേ.”

“അത്... അവന്റെ വിവാഹത്തിനു ഞാനെതിരായിരുന്നു സാർ. ഒരു പെണ്ണിനെ മകൻ സ്നേഹിച്ചു വിവാഹം കഴിക്കുന്നതൊന്നും ഞാൻ തെറ്റായി കണ്ടില്ല. ഭ്രാന്തുപിടിച്ച ഒരുത്തന്റെ മകളെയാണ് കെട്ടിക്കൊണ്ടുവരാൻ പോകുന്നതെന്നറിഞ്ഞപ്പോൾ ഞാനെതിർത്തു.”

“മകനെയും മരുമകളെയും വീട്ടീന്ന് ഇറക്കിവിട്ടു.”

‘‘സഹിക്കാൻ തീരെ പറ്റാഞ്ഞിട്ടാ അതു ചെയ്തത്.”

‘‘അവര് എങ്ങനെ ജീവിക്കുന്നു എന്ന് അന്വേഷിച്ചോ?”

“അവന് ഐ.റ്റി. കമ്പനിയിൽ നല്ല ഉദ്യോഗം കിട്ടിയിരുന്നു. സൗകര്യങ്ങളെല്ലാമുള്ള ഒരു വാടകവീട്ടിലാണവർ താമസിച്ചിരുന്നത്.”

“ഈ മരണം എങ്ങനെ സംഭവിച്ചു?”

‘‘എനിക്കറിയില്ല. എല്ലാം, ടെലിവിഷനിലും മറ്റു മീഡിയാസിലും കണ്ടാണ് ഞാനറിഞ്ഞത്.”

“ഇവിടെ കിട്ടിയിരിക്കുന്ന പരാതിയിൽ പറയുന്നത് ആ പെണ്ണിൽനിന്നു മകനെ മോചിപ്പിച്ചെടുക്കാൻ വീട്ടിൽ മറ്റാരുമില്ലാത്ത സമയം നോക്കി താങ്കൾ ഗുണ്ടകളെ വിട്ട് കൊലപാതകം നടത്തിയെന്നാണ്. മരണം ഒരു ആത്മഹത്യയാണെന്നു വരുത്തിത്തീർക്കാൻ എല്ലാ ശ്രമവും നടത്തുകയും ചെയ്തു.”

മാത്തുക്കുട്ടി പരിഭ്രാന്തനായി.

“ഇതു കള്ളമാണ് സാർ. പച്ചക്കള്ളം. ഞാനൊരു ഗുണ്ടയെയും വിട്ടില്ല. എന്നെ അനുസരിക്കാത്ത മകൻ ചത്തുപോയതുപോലെയാ ഞാൻ കരുതിയിരുന്നത്. ആ പെണ്ണിനെ കൊലപ്പെടുത്തിയിട്ട് എനിക്കൊന്നും നേടാനില്ല, സാർ.”

“നേടാനുണ്ടല്ലോ, പലതും. അവളില്ലാതായതോടെ നിങ്ങള് രക്ഷപ്പെട്ടില്ലേ? ഇനി മകനെ വിളിച്ച് വീട്ടിൽ കയറ്റാം. ഏതെങ്കിലും കോടീശ്വരന്റെ മകളെക്കൊണ്ട് കല്യാണം നടത്താം. മേടയ്ക്കൽ തറവാടിന്റെ പ്രൗഢിയും പാരമ്പര്യവും നിലനിർത്താം.”

“ഞാൻ അങ്ങനെയൊന്നും ചിന്തിച്ചിട്ടില്ല സാറെ. ആ പെണ്ണിന്റെ മരണത്തിൽ എനിക്കു സങ്കടമാണുള്ളത്.”

‘‘അതുകൊണ്ടായിരിക്കും ശവമടക്ക് ടെലിവിഷനിൽ കണ്ടുകൊണ്ട് കൂട്ടുകാരെയും കൂട്ടി തിന്നു കുടിച്ചർമ്മാദിച്ചത്.”

“അതൊക്കെ ഓരോരുത്തര് എന്നെ തീർക്കാൻവേണ്ടി പടച്ചുവിടുന്ന കള്ളക്കഥകളാ സാറെ.”

സി.ഐ.യുടെ ഫോൺ ശബ്ദിച്ചു. അദ്ദേഹം അതെടുത്തുനോക്കിയപ്പോൾ എസ്.പി. യാണ്.


“സാർ.... സർ.”

“എന്തായടോ ആ പെണ്ണിന്റെ സംഭവം?”

‘‘ഊർജ്ജിതമായി അന്വഷിക്കുന്നുണ്ട് സാർ. ഇപ്പോൾ ഞാനാ മരിച്ച കുട്ടിയുടെ ഭർത്താവിന്റെ അച്ഛനെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകാ. പോസ്റ്റുമോർട്ടം റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല. മരിച്ചടക്ക് പ്രശ്നങ്ങളില്ലാതെ നടന്നു. ഭർത്താവും ബന്ധുക്കളുമൊന്നും വരാതിരുന്നതു രക്ഷയായി. വന്നിരുന്നെങ്കിൽ അനിഷ്ടസംഭവങ്ങൾ ഉറപ്പായിരുന്നു. വയലന്റായേക്കാവുന്ന വലിയ ജനക്കൂട്ടം അവിടെയെത്തിയിരുന്നു.”

“റൂം സേർച്ച് ചെയ്തിട്ട് മരണക്കുറിപ്പെന്തെങ്കിലും കിട്ടിയോ?”

“ഇല്ല സാർ.”



“മരിച്ചുകിടന്ന റൂം തുറന്നുകിടന്നത് ഒരു ബാഡ് സിഗ്നലാണല്ലോ?”

“അതെ. അവരുടെ പാർട്ടൈം സേർവെന്റ് വിജയമ്മ എന്ന സ്ത്രീയാണ് ആദ്യത്തെ ദൃക്സാക്ഷി. അവരുടെ മൊഴിയെടുത്തു. വീണ്ടും ചോദ്യം ചെയ്യാനിരിക്കുകയാ സാർ.”

“ശരി. ഓക്കെ.’’ എസ്.പി. കോൾ കട്ടാക്കി.

സി.ഐ.യുടെ സംഭാഷണത്തിൽനിന്നും കാര്യങ്ങൾ പന്തികേടിലേക്കു നീങ്ങുകയാണെന്ന് മാത്തുക്കുട്ടിക്കു പിടികിട്ടി. വെറും ഒരു എം.എൽ.എ. യെക്കൊണ്ടു മാത്രം ഈ കേസിൽ തന്നെ രക്ഷിക്കാനാവില്ലെന്ന് അയാൾക്കു തിരിച്ചറിവുണ്ടായി.

സർക്കിൾ ഇൻസ്പെക്ടർ മോഹൻകുമാർ ഗാഢചിന്തയിൽ ഒരു നിമിഷം നിശ്ശബ്ദനായിരുന്നു. പിന്നെ മേടയ്ക്കൽ മാത്തുക്കുട്ടിയെ ഉറ്റുനോക്കി.

“എടോ, കാര്യങ്ങൾ അത്ര സ്മൂത്തായിട്ടുപോകുന്ന ലക്ഷണമില്ല. ഇപ്പം വിളിച്ചത് എസ്.പി.യാ. മനസ്സിലായോ?”

“മനസ്സിലായി സാർ.”

“ഹോം മിനിസ്റ്റർ ഐ.ജി. യെ വിളിച്ചു. ഐ.ജി. എസ്.പി.യെ വിളിച്ചു. അങ്ങേര് എന്നെ മാട്ടി.”

‘‘എന്നെയിങ്ങനെ പറഞ്ഞു പേടിപ്പിക്കാതെ സാർ. ഞാനൊന്നുമറിഞ്ഞിട്ടില്ല. എനിക്കൊരു പങ്കുമില്ല.’’ മാത്തുക്കുട്ടി വിയർത്തു വിളറി.

‘‘അങ്ങനെ പെട്ടെന്നു പറഞ്ഞൊഴിവാകാതെ. എടോ ഒരു ക്രൈം നടന്നാൽ ഞങ്ങളാദ്യം സംശയത്തിന്റെ നിഴലിലുള്ളവരുടെ ഒരു ലിസ്റ്റുണ്ടാക്കും. അവരെയാണാദ്യം ചോദ്യം ചെയ്യുന്നത്. പിന്നെ ഫോൺരേഖകൾ പരിശോധിക്കും. ചോദ്യം ചെയ്യുമ്പോൾ ഒരുത്തനും സത്യം പറയാറില്ല. പ്രതി ഈ പറഞ്ഞ കൂട്ടത്തിലുണ്ടാവണമെന്നില്ല.”

“സാറേ.... എനിക്കു ഹാർട്ട് പ്രോബ്ലമുള്ളതാണ്.’’ മാത്തുക്കുട്ടി പറഞ്ഞു.

‘‘അതിനു ഞാനൊന്നും ചെയ്തില്ലല്ലോ.”

‘‘ചെയ്തില്ല. പക്ഷേ, ഈ ടെൻഷൻ താങ്ങാൻ പറ്റുന്നില്ല.’

“കുറ്റം ചെയ്യാത്തവനെന്തിനാടോ ടെൻഷൻ? തെളിവില്ലാതെ പോലീസിനോ, കോടതിക്കോ ആരെയും ഒന്നും ചെയ്യാനാവില്ലല്ലോ. എം.എൽ.എ. പ്രത്യേകം പറഞ്ഞതുകൊണ്ട് തൽക്കാലം പൊയ്ക്കോ. വിളിപ്പിക്കും.” സി.ഐ. പറഞ്ഞു.

എഴുന്നേറ്റ് സി.ഐ.ക്കു നേരേ കൈകൂപ്പിയിട്ട് മാത്തുക്കുട്ടി മുറിയിൽനിന്നിറങ്ങി.

വിയർപ്പിൽ കുതിർന്ന ദേഹത്തോടെ ചെന്ന് തന്റെ ഇന്നോവാ ക്രിസ്റ്റയിൽ കയറുമ്പോൾ ഡ്രൈവർ അതു കണ്ടല്ലോയെന്ന ജാള്യം മാത്തുക്കുട്ടിക്കുണ്ടായി. വീട്ടിലേക്കു കാർ ചീറിപ്പായുകയായിരുന്നു. ഇരുപതുമിനിറ്റുകൊണ്ട് വീട്ടിലെത്തി. കാറിൽനിന്നിറങ്ങി. വീട്ടിലേക്കു കയറിയപ്പോൾ മേരിക്കുട്ടി വാതിൽക്കലെത്തി.

‘‘എന്താ ഇച്ചായാ ഇത്രേം വൈകിയെ?”

“അവന്റെ പന്ത്രണ്ടടിയന്തരം ഇപ്പഴാ തീർന്നത്.” അയാൾ കലിപ്പിൽ പറഞ്ഞു.

“അച്ചായാ... എന്നിട്ട്, പോലിസെന്തു പറഞ്ഞു? എന്തെങ്കിലും ചെയ്തോ?”

‘‘പോലീസ് പലതും പറഞ്ഞു., ഒന്നും ചെയ്തൊന്നുമില്ല. നീ പെട്ടെന്ന് ഗുളികയെടുത്തുകൊണ്ടുവാ. വിസ്താരം അതുകഴിഞ്ഞു മതി.”

മേരിക്കുട്ടി വേഗം അകത്തേക്കു പോയി. മാത്തുക്കുട്ടി പതിവായി കഴിക്കുന്ന പ്രഷറിന്റെ ടാബ്ലെറ്റും ഗ്ലാസിൽ വെള്ളവുമായി മടങ്ങി വന്നു. മാത്തുക്കുട്ടി ഗുളിക വായിലിട്ട് വെള്ളം കുടിച്ചു.

*ശേഷം 11-ാം പേജിൽ*

# വോട്ടുവഴിയിലെ കള്ളത്തരങ്ങൾ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

**ബീ**ഹാർ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി ഉയർത്തിക്കൊണ്ടു വന്ന വോട്ടുവിവാദം ആളിക്കത്തുകയാണ്. സംശയങ്ങളുടെ കറുത്ത പുക ജനാധിപത്യത്തിന്റെ ആകാശത്ത് ഇരുളിമ സൃഷ്ടിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ചോദ്യം ചോദിച്ചവർക്കും ഉത്തരം പറയാൻ ബാധ്യസ്ഥരായവർക്കും അവരവരുടേതായ പ്രത്യേകരാഷ്ട്രീയതാത്പര്യങ്ങളുണ്ടാകും. എന്നാൽ, ഒരു രാഷ്ട്രീയവിചാരവും ഈ വിഷയത്തിൽ പുലർത്താത്തവർക്കു സത്യമറിയാനുള്ള ആഗ്രഹവും അവകാശവുമുണ്ട്. ജനങ്ങളുടെ ഈ ആവശ്യം നിറവേറ്റിക്കൊടുക്കേണ്ടത് തിരഞ്ഞെടുപ്പുകമ്മിഷനാണ്. കമ്മിഷനാകട്ടെ കടുത്ത നിശ്ശബ്ദതയിലുമാണ്. ഒരു ടി.എൻ. ശേഷൻ ഇല്ലാത്ത കാലത്തെ തിരഞ്ഞെടുപ്പുകമ്മീഷനാണെന്നു ചിന്തിച്ചു പൊതുജനം സമാധാനപ്പെട്ടുകൊള്ളുക.

ബീഹാറിൽ 65 ലക്ഷത്തോളം വോട്ടുകൾ പട്ടികയിൽനിന്നു നീക്കം ചെയ്യപ്പെട്ടുവെന്നതാണ് ആക്ഷേപം. ബീഹാർവിഷയം ചർച്ചയായപ്പോൾ സമാനപരാതികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഉയർന്നുവന്നു. 'മീടൂ' പരാതികൾപോലെ അതു തുടരുകയാണ്. കേരളത്തിൽപോലും തൃശൂർ, ആറ്റിങ്ങൽ പോലുള്ള മണ്ഡലങ്ങളിൽ വ്യാപകമായ വോട്ടുതിരിമറി നടന്നുവെന്നു പരാതിയുണ്ട്. പരാതിക്കാർ കൃത്യമായ തെളിവുകൾ ഹാജരാക്കാത്തതുകൊണ്ടാണ് മറുപടി നൽകാത്തത് എന്നാണ് തിരഞ്ഞെടുപ്പു കമ്മിഷന്റെ വൈകിവന്ന പ്രതികരണം. സുതാര്യവും നീതിപൂർവകവും വിവേചനരഹിതവുമായ തിരഞ്ഞെടുപ്പു നടക്കുന്നു എന്നുറപ്പാക്കേണ്ടത് തിരഞ്ഞെടുപ്പു കമ്മിഷന്റെ ഉത്തരവാദിത്വമാണ്. അത്രമാത്രം അധികാരവും അടിസ്ഥാനസൗകര്യങ്ങളും ഉദ്യോഗസ്ഥസംവിധാനങ്ങളുമുള്ള ഭരണഘടനാസ്ഥാപനമാണ് തിരഞ്ഞെടുപ്പു കമ്മിഷൻ. വോട്ടെടുപ്പിൽ തിരിമറികൾ നടന്നാൽ ജനാധിപത്യം അപകടത്തിലാകും. കാരണം, ജനാധിപത്യത്തിന്റെ ഉരകല്ല് നീതിപൂർവകമായ തിരഞ്ഞെടുപ്പുപ്രക്രിയയാണ്.

വോട്ടവകാശം പൗരന്മാർക്കുള്ളതാണ്. അവരുടെ വോട്ട് നീക്കം ചെയ്യുന്നത് തിരിമറിയാണ്. വോട്ടു ചെയ്യുന്നതിൽനിന്ന് ഒരാളെ തടയുന്നതും വോട്ടവകാശത്തിന്റെ ലംഘനമത്രേ. ഒരാൾ ഒന്നിൽക്കൂടുതൽ വോട്ടു ചെയ്യുന്നതും ജനാധിപത്യത്തെ അട്ടിമറിക്കുന്ന പ്രവൃത്തിയായി കരുതണം. വോട്ടവകാശം ഇല്ലാത്തവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതും കുറ്റകരമാണ്. ലക്ഷക്കണക്കിന് വോട്ടുകളുടെ തിരിമറിക്കു പിന്നിൽ വ്യക്തമായ നയങ്ങളും നിലപാടുകളുമുണ്ടാകാം. കുടിയേറ്റനിയമം ഇന്ത്യയിൽ അമേരിക്കയിലേതുപോലെ ശക്തമല്ല. അയൽരാജ്യങ്ങളായ പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽനിന്ന് അഭയാർത്ഥികളായും അല്ലാതെയും ലക്ഷക്കണക്കിനാളുകൾ രാജ്യത്തു കടന്നുകൂടിയിട്ടുണ്ട്. അവരിൽ പലരും നിയമാനുസൃതമോ അല്ലാതെയോ വോട്ടു ചെയ്യുന്നു. അവരെ വോട്ടർപട്ടികയിൽനിന്നു നീക്കം ചെയ്താൽ ലക്ഷക്കണക്കിന് വോട്ടർമാരുടെ കുറവുണ്ടാവുക സ്വാഭാവികമാണ്. അനധികൃതമായി പട്ടികയിൽ ഉൾപ്പെടുത്തുന്നതും രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി ചിലരെ പട്ടികയിൽനിന്നു പുറത്താക്കുന്നതും ജനാധിപത്യത്തിനു തീരാക്കളങ്കമാണ്. കേരളത്തിൽ അതിഥിത്തൊഴിലാളികളായി എത്തിയിട്ടുള്ള 25 ലക്ഷത്തിലധികം പേരിൽ പലരും വോട്ടു ചെയ്യുന്നവരാണെന്ന സത്യം പകൽപോലെ വ്യക്തമാണ്. രാഷ്ട്രീയപാർട്ടികൾ തിരഞ്ഞെടുപ്പു കമ്മിഷനോടു സഹകരിക്കുമ്പോഴാണ് തിരഞ്ഞെടുപ്പുപ്രക്രിയ ആരോപണമുക്തമാകുന്നത്.




> **വോട്ട് പൗരന്റെ തീരുമാനത്തിന്റെ മുദ്രയാണ്. തിരഞ്ഞെടുപ്പുപ്രക്രിയയിൽ തിരിമറികളും അട്ടിമറികളുമുണ്ടാകുമ്പോൾ അത് സ്ഥാനാർത്ഥികളുടെ ഭാഗധേയം മാത്രമല്ല മാറ്റിമറിക്കുന്നത്; പകരം, നിഷ്പക്ഷരായ വോട്ടർമാരുടെ തീരുമാനത്തെക്കൂടിയാണ്.**

വോട്ട് പൗരന്റെ തീരുമാനത്തിന്റെ മുദ്രയാണ്. തിരഞ്ഞെടുപ്പുപ്രക്രിയയിൽ തിരിമറികളും അട്ടിമറികളുമുണ്ടാകുമ്പോൾ അത് സ്ഥാനാർത്ഥികളുടെ ഭാഗധേയം മാത്രമല്ല മാറ്റിമറിക്കുന്നത്; പകരം, നിഷ്പക്ഷരായ വോട്ടർമാരുടെ തീരുമാനത്തെക്കൂടിയാണ്. വോട്ടു വെട്ടിയും ഇല്ലാത്ത വോട്ടു കൂട്ടിച്ചേർത്തുമല്ല തിരഞ്ഞെടുപ്പു വിജയം നേടേണ്ടത്. സേവനത്തിന്റെ അടിസ്ഥാനത്തിലും ജനപക്ഷനിലപാടുകളുടെ പിൻബലത്തിലുമാകണം രാഷ്ട്രീയവിജയം ആഘോഷിക്കേണ്ടത്. തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയിട്ടും മന്ത്രിസഭയുണ്ടാക്കാൻ ചില പാർട്ടികൾക്കു സാധിക്കാതെ വരുന്നത് എതിർപക്ഷം കുതിരക്കച്ചവടം നടത്തുന്നതുകൊണ്ടാണ്. അധികാരത്തിനുവേണ്ടി ഏതു നീചപ്രവൃത്തിയും ചെയ്യുന്ന രീതി നേതാക്കന്മാർ ഒഴിവാക്കേണ്ടതാണ്.

■

## മിഴിയിതൾപ്പൂക്കൾ

*10-ാം പേജ് തുടർച്ച*

"മക്കള് തന്തയ്ക്കു കാലനായി ജനിക്കുമെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. എന്റെ കാര്യത്തിലിപ്പം അങ്ങനെയാ. ഇത്രേം കാലം ലോകത്തു ജീവിച്ചിട്ടിതുവരെ പോലീസ്സ്റ്റേഷനിൽ കേറേണ്ടി വന്നിട്ടില്ല. ഇന്നതുമുണ്ടായി. എടീ, ആ സർക്കിൾ ഇൻസ്പെക്ടർ പറയുകാ, ഞാൻ ഗുണ്ടകളെവിട്ട് അവളെ കൊല്ലിച്ചതാന്ന്."

"എന്റെ കർത്താവേ!" മേരിക്കുട്ടി നെഞ്ചത്തടിച്ചു മിഴിച്ചുനിന്നു.

"ഈയിടെ നമ്മള് മൂന്നുപേരും കൂടി തീയേറ്ററിൽ പോയിക്കണ്ട സിനിമയുടെ കഥപോലെയാ ഞാനും പെട്ടുപോയിരിക്കുന്നെ. പോലീസുകാര് കള്ളക്കഥയുണ്ടാക്കി ഒന്നുമറിയാത്തവനെ കൊലയാളിയാക്കും. എല്ലാം എന്റെ മകനായിട്ടു വരുത്തിവയ്ക്കുന്നതാ."

"ജീനായെ ആരെങ്കിലും കൊന്നതാണോ ഇച്ചായാ." മേരിക്കുട്ടി ഉത്കണ്ഠയോടെ ചോദിച്ചു.

"മുറിയടച്ച് കുറ്റിയിടാതെ ഒരാളും ആത്മഹത്യ ചെയ്യുകേലന്നാ പറച്ചില്. അതുപോലെ മരണക്കുറിപ്പൊന്നും വീട് സേർച്ച് ചെയ്തിട്ടു കിട്ടിയില്ല. ദേഹത്തെ ആഭരണങ്ങളൊന്നും നഷ്ടപ്പെട്ടിട്ടില്ലായിരുന്നു. വീട്ടീന്നൊന്നും കളവുപോയിട്ടുമില്ല. അവളോടുള്ള വൈരാഗ്യമാ കൊലപാതകകാരണമെന്നാ പോലീസിന്റെ നിഗമനം. അവരുടെ നോട്ടത്തിൽ അവളോട് എതിർപ്പുള്ളത് ഞാൻ മാത്രമാ. എന്തു ചെയ്യാം? എന്റെ സത്യം ഞാനെങ്ങനെ തെളിയിക്കും?" മാത്തുക്കുട്ടിയുടെ സ്വരമിടറി.

"അച്ചായാ... ഇനി റോണിയെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുപോന്നാലോ?"

"കൂട്ടിക്കൊണ്ടു പോരുന്ന പ്രശ്നമില്ല. എന്നെ ധിക്കരിച്ചവനല്ലേ? തന്നെ കയറിവരുന്നെങ്കിൽ വരട്ടെ."

"ഒരു ദുർമരണം നടന്ന വീട്ടിൽ അവനൊറ്റയ്ക്ക് എങ്ങനെ കഴിയും? അവനും ഏതെങ്കിലും ദുർബുദ്ധി തോന്നിയാലോ?" മേരിക്കുട്ടി പിന്നെയും പറഞ്ഞു.

"പെങ്ങളവിടെ കൂട്ടിനു ചെന്നു നിൽക്കുന്നുണ്ടല്ലോ."

"റോണി ഒട്ടും ധൈര്യമില്ലാത്തവനാ. ഷേർലിക്കാ അതിലും തന്റേടമുള്ളത്. പാവം, അവൾക്ക് ഒരു ജീവിതമുണ്ടാക്കിക്കൊടുക്കാൻ നമുക്കു കഴിഞ്ഞില്ല."

മാത്തുക്കുട്ടി അല്പനേരം നിശ്ശബ്ദനായിരുന്നു.

"അവൾക്ക് ടൗണിലുള്ള നാലു ഷട്ടറുകളുടെ വാടക ഞാൻ കൊടുക്കുന്നുണ്ട്. മാസം എഴുപത്തയ്യായിരമുണ്ട്."

"ഒരു പെണ്ണിന് പ്രതിമാസം കിട്ടുന്ന പണം മാത്രം മതിയോ? നല്ല ആലോചനകൾ പലതു വന്നതാ. പാരമ്പര്യോം തറവാടിത്തോം നോക്കി എല്ലാം തട്ടിക്കളഞ്ഞു. പ്രായം കടന്നപ്പോൾ ആരും വരാതായി. ആരോടും ഒരു പരാതീം പറയാതെ വിധിയാണെന്നു വിശ്വസിച്ചു കഴിയുകാ പെണ്ണ്."

മേടയ്ക്കൽ മാത്തുക്കുട്ടിക്കു മറുപടിയുണ്ടായില്ല. അയാൾ തല താഴ്ത്തിയിരുന്നു.

*(തുടരും)*

രഞ്ജിനി സിനു

## കൃഷിപ്പാട്ട്

തന്തിന താനാരേ തന്തിന താനാരേ
തന്തിന താനാരേ താന താനാ (2)

പഞ്ഞക്കർക്കടകം പോയേ
പൊന്നിൻചിങ്ങം വരവായി
വയലുകൾ മാടിവിളിക്കുന്നേ
നെൽമണിയെല്ലാം തിളങ്ങുന്നേ

തന്തിന താനാരേ തന്തിന താനാരേ
തന്തിന താനാരേ താന താനാ (2)

പൊൻനിറമേറി പാരാകെ
പുഞ്ചിരിവെട്ടം വീശുന്നേ
പൊന്നോണത്തിൻ വരവായ്
പൂത്തുമ്പികളും പാറുന്നു.

തന്തിന താനാരേ തന്തിന താനാരേ
തന്തിന താനാരേ താന താനാ (2)

മലദൈവത്തിനു കണിവയ്ക്കാം
വിളവുകളെല്ലാം പറ നിറയ്ക്കാം
മഴമേഘത്തിനു വിട പറയാം
മലർവാടിക്കൊരു കുരവയിടാം.

തന്തിന താനാരേ തന്തിന താനാരേ
തന്തിന താനാരേ താന താനാ (2)



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 17

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

ഇതിനിടയിൽ, സ്കൂളിൽ നിന്നെത്തിയ വിശാൽ ഐവാന്റെ അമ്മയെ ഫോണിൽ വിളിച്ചു:

“ആന്റീ, ഐവാനെന്തു പറ്റി? ഇന്നു സ്കൂളിൽ വന്നില്ല, കുറെ ഹോംവർക്സ് തന്നിട്ടുണ്ട്.”

“എന്താ പറഞ്ഞത്, അവൻ സ്കൂളിൽ എത്തിയില്ലന്നോ, സത്യമാണോ നീ പറയുന്നത്?”

“അതെ ആന്റീ, അവൻ ഇന്നു വന്നില്ല, ഞാൻ ഓർത്തു അവനു പനിയാണെന്ന്.”

“ഞാൻ ഹിന്ദി റ്റ്യൂഷൻ സെന്ററിലേക്കു പോകാൻ തുടങ്ങുകയായിരുന്നു, അയ്യോ എന്റെ കുഞ്ഞിനെന്തു പറ്റി?”

ആശ കരഞ്ഞോണ്ട് ഫിലിപ്പിനെ വിളിച്ചു, അയാളുടെ ഫോൺ ബിസി! അവർ പിന്നെയും വിളിച്ചുകൊണ്ടേയിരുന്നു.

കൈയും കാലും കുഴഞ്ഞ അവർ, നിലത്തിരുന്നു.

വിവരം അറിഞ്ഞ ഫിലിപ്പ് ഓടിയെത്തി, രണ്ടുപേരുംകൂടെ കോട്ടയം പൊലീസ് സ്റ്റേഷനിലേക്ക് പോയി.

ഇൻസ്പെക്ടറെ കണ്ടു വിവരം പറഞ്ഞു, അദ്ദേഹം ക്ഷമയോടെ എല്ലാം കേട്ടു.

മാതാപിതാക്കളോടും ചില ചോദ്യങ്ങൾ ചോദിച്ചു:

പരീക്ഷയ്ക്കു തോറ്റോ? വീട്ടിൽ അടിച്ചോ, തുടങ്ങിയവ.

സ്കൂളിന്റെ അടുത്തുള്ള സിസി ടി വി നോക്കാൻ ഒരു കോൺസ്റ്റബിളിനെ പറഞ്ഞുവിട്ടു.

ആരെങ്കിലും കുട്ടിയെ തട്ടിക്കൊണ്ടുപോയിരിക്കുമോ എന്നാണ് അവർ സംശയിച്ചത്. ഇപ്പോൾ അങ്ങനെയുള്ള സംഭവങ്ങൾ സാധാരണമാണ്.

ആശയെയും ഫിലിപ്പിനെയും, അവർ ആശ്വസിപ്പിച്ചു.

‘‘നിങ്ങൾ വിഷമിക്കാതെ, നമ്മൾ അവനെ കണ്ടുപിടിക്കും.”

സ്കൂളിലേക്കു കയറാതെ ഐവാനും മറ്റൊരു പയ്യനും കൂടെ സ്കൂളിന്റെ അടുത്തുള്ള സ്റ്റാൻഡിൽനിന്നു ബസ്സ് കയറുന്നതു സിസിടിവിയിൽ കണ്ടു. അമ്മയ്ക്കു പേര് അറിയില്ലെങ്കിലും, സ്കൂൾ ബസ്സിൽ അവനെ പലതവണ കണ്ടിട്ടുണ്ട്.


ആ സമയം, പ്രസാദിന്റെ അമ്മ അവൻ സ്കൂൾ വിട്ട് എത്തിയില്ല എന്നു പറഞ്ഞു സ്റ്റേഷനിൽ എത്തി. വൈകുന്നേരം ആറുമണിയായിട്ടും വീട്ടിൽ എത്താത്തതിനാൽ ക്ലാസ്സ് റ്റീച്ചറിനെ വിളിച്ചപ്പോൾ, ഇന്ന് സ്കൂളിൽ എത്തിയില്ല എന്നു കേട്ടതും അവരും പരാതിയുമായി വന്നതാണ്. അമ്മൂമ്മ അമ്മയെ പേടിച്ചു പൈസ കൊടുത്ത കാര്യം പറഞ്ഞില്ല.

സമയം അപ്പോൾ ഏഴാകാറായി. നേരം ഇരുട്ടിത്തുടങ്ങി.

എല്ലാവർക്കും ഒരു കാര്യം മനസ്സിലായി, ഐവാനും പ്രസാദും കൂടെ എവിടെയോ പോയി. സിനിമയ്ക്ക് ആയിരിക്കുമോ? ദിവസം മുഴുവനും സിനിമ കാണില്ലല്ലോ?

സമയം പോയിക്കൊണ്ടിരുന്നു.

അമ്മമാർ രണ്ടും, അവിടെ കണ്ട ഒരു ബെഞ്ചിൽ ഇരുന്നു.



പ്രസാദിന്റെ അമ്മ പറഞ്ഞു: “അവന്റെ അച്ഛൻ ഇവിടെ ഇല്ല, എന്റെ ശ്രദ്ധക്കുറവുകൊണ്ടാണ് കൊച്ചു പോയെതെന്നു പറയും, സിനിമയ്ക്കു പോയാലും.”

അവർ പരസ്പരം, പല ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു.

കോട്ടയം റെയിൽവേസ്റ്റേഷൻഭാഗത്തു കുട്ടികളെ കണ്ടതായി പൊലീസിനു മനസ്സിലായി, പക്ഷേ, ട്രെയിനിൽ കയറിയിട്ടില്ല.

പലരോടും ചോദിച്ചും, സിസി ടി വി യിൽ നിന്നും, കുട്ടികൾ മുരളി എന്ന ഡ്രൈവറോടു സംസാരിക്കുന്നതു കണ്ടുപിടിച്ചു.

റെയിൽവേ സ്റ്റേഷനിൽ വണ്ടി ഇടുന്ന മറ്റൊരു ഡ്രൈവർ മുരളിയുടെ മകൾ സ്റ്റേഷന്റെ അടുത്തുള്ള മെഡിക്കൽ സെന്റർ ഹോസ്പിറ്റലിൽ ഉണ്ടെന്നു പറഞ്ഞു: അയാളുടെ ഫോൺ നമ്പറും കൊടുത്തു.

മുരളിയെ പൊലീസ് ചോദ്യം ചെയ്തപ്പോളാണ് കുട്ടികൾ രണ്ടുപേരും അമ്പലവയലിലേക്കു പോയെന്നു മനസ്സിലാക്കിയത്.

പൊലീസിന്റെ ശകാരം വേണ്ടുവോളം കിട്ടി. രണ്ടു ചെറിയ കുട്ടികൾ, അവർ പറഞ്ഞ കഥ എന്തുമാകട്ടെ, വീട്ടിൽ ചോദിക്കേണ്ട ചുമതല അയാൾക്കുണ്ട്. അയാൾ കൂടെ പോയതുമില്ല, വേറെ ആരെയോ കുട്ടികളെ ഏല്പിച്ചുവിട്ടു.

മുരളിയും പൊലീസും ബിനോയിയെ, പലതവണ വിളിച്ചെങ്കിലും ഫോൺ സ്വിച്ച്ഡ് ഓഫ്.

അവൻ കുട്ടികളെ എവിടെ കൊണ്ടുപോയി?

അയാളുടെ വീട് കണ്ടുപിടിച്ചവർ എത്തിയെങ്കിലും, അവിടെ ഭാര്യയും കുഞ്ഞും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

രാവിലെ ഓട്ടം പോയതാണ്, ഇതുവരെ വന്നില്ല എന്നു പറഞ്ഞു.

വന്നാലുടൻ സ്റ്റേഷനിൽ എത്താൻ പറഞ്ഞ് അവിടെനിന്ന് അവർ യാത്രയായി.

അമ്പലവയൽ എന്നു കേട്ടതും ആശയ്ക്കു മനസ്സിലായി, മാലാഖമാരുടെ പള്ളിയിലേക്കാണ് കുട്ടികൾ പോയിരിക്കുന്നതെന്ന്. ആശ ജോസിച്ചായനെ വിളിച്ച് പള്ളിയിലെ അച്ചനോട് കുട്ടികൾ അവിടെ എത്തിയോ എന്ന് അന്വേഷിച്ചപ്പോൾ, എത്തിയിട്ടില്ല എന്നു പറഞ്ഞു, വന്നാൽ തിരികെ വിളിക്കാമെന്നറിയിച്ചു.

സുൽത്താൻബത്തേരി പൊലീസ്സ്റ്റേഷനിലും വിവരം അറിയിച്ചു. എന്നാലും മാതാപിതാക്കളുടെ സങ്കടം കണ്ട് ഒരു പൊലീസ് കോൺസ്റ്റബിളിനെ അവരുടെ കൂടെ വിടാമെന്ന് ഇൻസ്പെക്ടർ സമ്മതിച്ചു. അപ്പോൾ സമയം എട്ടു കഴിഞ്ഞു, രാത്രി ഇരുട്ടിത്തുടങ്ങിയിരുന്നു. ഇടിവെട്ടോടെ, നല്ല മഴയും.

ബിനോയിയുടെ കാർ, കണ്ടുപിടിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു, പക്ഷേ, വിവരം കിട്ടിയില്ല, ഉച്ചയോടെ തൃശ്ശൂർ ബൈപ്പാസ് കടന്നു എന്നു മാത്രം അറിഞ്ഞു, കുഴപ്പമെന്നും സംഭവിച്ചില്ലെങ്കിൽ അമ്പലവയൽ എത്താനുള്ള സമയമായി.

ബിനോയ് കുട്ടികളെ എന്തെങ്കിലും ചെയ്തിരിക്കുമെന്ന ആശങ്ക എല്ലാവരിലും ഉണ്ടായി.

അങ്ങനെ മാതാപിതാക്കൾ, അമ്പലവയലിലേക്കു പുറപ്പെട്ടു മറ്റൊരു വണ്ടിയിൽ ആശയുടെ അച്ചായന്മാരും.

ആശ ഓർക്കുകയായിരുന്നു, എത്ര പ്രാവശ്യം അവൻ ആ പള്ളിയിൽ ഒന്നു കൊണ്ടുപോകാൻ ചോദിച്ചു, നടക്കാത്ത കാര്യം ഒന്നുമല്ല ചോദിച്ചത്, ഒരുപാട് കുട്ടികളെവച്ചുനോക്കുമ്പോൾ അവൻ ശാഠ്യം ഒന്നുമില്ലാത്ത കുട്ടിയാണ്.

ക്രിസ്മസിന് കൊണ്ടുപോകാമെന്നു വാക്കു പറഞ്ഞെങ്കിലും, പിന്നെ അതു മാറ്റിയത് അവനു വിഷമമായിക്കാണും. ഒറ്റ ദിവസത്തെ കാര്യമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും അതു ചെവിക്കൊണ്ടില്ല.

ദൈവമേ, എന്റെ കുഞ്ഞിന് ആപത്തൊന്നും വരുത്തരുതേ, കാവൽമാലാഖമാരേ, അവനെ കാത്തുകൊള്ളണമേ.

പ്രസാദിന്റെ അമ്മ മനസ്സിൽ ചിന്തിച്ചു. ജോലിയും വീട്ടുകാര്യങ്ങളും മാത്രമേ താൻ ശ്രദ്ധിച്ചൊള്ളൂ. സ്കൂൾവിട്ടുവന്നാൽ, അവനോടു സംസാരിക്കുന്നതു പോലും വിരളം.

ഹോംവർക് ചെയ്തോ എന്നു ചോദിക്കും, രാത്രി കഴിക്കാൻ എന്തു വേണമെന്നും.

അവൻ ഒന്നുകിൽ അമ്മയുടെ ഫോണിൽ ഗെയിം കളിക്കും, അല്ലെങ്കിൽ ടി വി നോക്കിയിരിക്കും.

ഭർത്താവിനോടുള്ള അകൽച്ച, അത് എന്തുമാകട്ടെ, മകനെ ചേർത്തുപിടിക്കേണ്ടതായിരുന്നു. മകന് എന്തെങ്കിലും സംഭവിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻകൂടെ വയ്യാ. തനിക്കറിയാവുന്ന എല്ലാ ദൈവങ്ങളെയും അവർ വിളിച്ചു.

ബസ്സിൽ കുട്ടികൾ രണ്ടുപേരും ഉറങ്ങിപ്പോയി. ആ അമ്മ പരിചയമില്ലാത്ത ആ കുട്ടികൾക്ക് ടിക്കറ്റ് എടുത്തുകൊടുത്തു. ബസ് മലകയറയുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടും ഉലഞ്ഞു. അവർ അവരെ താഴെ വീഴാതെ ചേർത്തുപിടിച്ചു.

ഏകദേശം എട്ടുമണിയായപ്പോൾ ബസ് ബത്തേരി എത്തി. രണ്ടുപേർക്കും ആ അമ്മ അവിടെനിന്നു ബണ്ണും ചായയും വാങ്ങിക്കൊടുത്തു, സ്റ്റാൻഡിൽ ഉണ്ടായിരുന്ന ഒരു ഓട്ടോയിൽ കയറ്റി, പള്ളിയുടെ അവിടെ ഇറക്കാൻ പറഞ്ഞു. അതിന്റെ പൈസയും കൊടുത്തു.

പ്രസാദ് ആ ആന്റിയുടെ നമ്പർ വാങ്ങി.

സൈനബ. അതാണ് അവരുടെ പേര്. ഒരു കടലാസ്സിൽ തന്റെ നമ്പർ അവർ എഴുതിക്കൊടുത്തു.

‘‘മക്കളേ, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഈ നമ്പറിൽ വിളിച്ചാൽ മതി.” എന്നിട്ട് ഓട്ടോക്കാരനോടായി പറഞ്ഞു:

“ഇവരെ പള്ളിയിൽ കൊണ്ടാക്കണം കേട്ടോ, അവിടെ എത്തിയിട്ട്, എന്നെ ഒന്നു വിളിക്കണം.”

ഓട്ടോറിക്ഷ അമ്പലവയൽ ലക്ഷ്യമാക്കി പോയി.


*(തുടരും)*

---

കവിത

മനോജ് കാലടി

## കാട്ടുപൂവായവൾ



എഴുതുവാനെനിക്കാവില്ലയെൻമിഴി-
ച്ചാലുകൾ നീർപൊഴിച്ചൊഴുകിടുമ്പോൾ
പറയുവാനെനിക്കാവില്ല മൽസഖേ
ഹൃദയവേദന ഗദ്ഗദം തീർക്കുമ്പോൾ.

രക്തചന്ദനംചാർത്തി ചുവന്നുള്ള
അന്തിമേഘങ്ങളാരതി കാണവേ
അന്തരംഗത്തിലന്നു നീയേകിയ
പ്രണയചുംബനപ്പൂക്കൾ കൊഴിഞ്ഞുവോ?

പച്ചപ്പാടത്തിൽ പൂണുനൂൽ ചാർത്തിയ
കൊച്ചുപാടവരമ്പിലൂടന്നു നാം
പ്രണയസല്ലാപമോടെ നടക്കുമ്പോൾ
നെൽക്കതിർപോലും നാണിച്ചുനിന്നുപോയ്.

വാറുപൊട്ടിയോരൊറ്റച്ചെരുപ്പുപോൽ
പാതിവഴിയിൽ ഞാനേകയായ് നിൽക്കുമ്പോൾ
ചുറ്റിലും ചിരിച്ചെത്തും വസന്തത്തി-
ലില്ലെനിക്കൊട്ടു നിറമുള്ള കാഴ്ചകൾ.

കേട്ടിടാമൊരു കടലിരമ്പംപോലെ
കാറ്റുപോലും മറന്നുള്ളെൻ വേദന
കൊഴിയുവാനായ് മാത്രം വിരിഞ്ഞുള്ള
കേവലം കാട്ടുപൂപോലെ ഞാനിതാ.

# ക്രൈസ്തവർ സത്യത്തോടു വിശ്വസ്തത പുലർത്തുന്നവരാകണം: ലെയോ പാപ്പാ




**വത്തിക്കാൻ:** ക്രൈസ്തവർ സ്നേഹത്തിൽ സത്യത്തോടു വിശ്വസ്തത പുലർത്തുന്നവരാകണമെന്നു ലെയോ പാപ്പാ. വത്തിക്കാനിൽ മധ്യാഹ്നപ്രാർഥനാവേളയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

അപ്പസ്തോലപ്രവർത്തനങ്ങളിൽ വിവരിക്കുന്നതുപോലെ, പരിമിതികൾക്കിടയിലും, തങ്ങളുടെ ഗുരുനാഥന്റെ കാരുണ്യ സന്ദേശം അവരുടെ കഴിവിന്റെ പരമാവധി ജീവിക്കാൻ ശ്രമിച്ച സമാധാനപരമായ സമൂഹങ്ങളായിരുന്നു ആദിമസഭയിലേത്. എന്നിട്ടും അവർ പീഡനം സഹിച്ചു. ഇതെല്ലാം നമ്മെ ഓർമിപ്പിക്കുന്നത്, നന്മ എല്ലായ്പോഴും അതിനുചുറ്റും ഒരു നല്ല പ്രതികരണം കണ്ടെത്തുന്നില്ല എന്നാണ്. ഭീഷണികളും അധിക്ഷേപങ്ങളും നേരിടേണ്ടതായി വരികയും ചെയ്യുന്നു. സത്യം പ്രാവർത്തികമാക്കുന്നതിനു വലിയ വില നൽകേണ്ടതായി വരും. ഇന്നു ലോകത്ത് അസത്യം തിരഞ്ഞെടുക്കുന്നവർ ധാരാളമാണ്. കാരണം, നന്മ തടസ്സപ്പെടുത്താൻ പിശാച് അവരെ പ്രേരിപ്പിക്കുന്നു.

യേശു നമ്മെ ക്ഷണിക്കുന്നത്, ഈ മനോഭാവവുമായി പൊരുത്തപ്പെടാതിരിക്കാനും, എല്ലാവരുടെയും നന്മയ്ക്കുവേണ്ടി, തുടർന്നും പ്രവർത്തിക്കാനുമാണ്. പ്രബലരോടു പ്രതികാരത്തോടെ പ്രതികരിക്കാനല്ല; മറിച്ച്, സ്നേഹത്തിൽ സത്യത്തോടു വിശ്വസ്തത പുലർത്താനാണ് അവൻ നമ്മെ ക്ഷണിക്കുന്നത്. രക്തസാക്ഷികൾ വിശ്വാസത്തിനുവേണ്ടി നിണമൊഴുക്കി ഈ സത്യത്തിനു സാക്ഷ്യം വഹിച്ചു. നമുക്കും വ്യത്യസ്ത സാഹചര്യങ്ങളിലും വ്യത്യസ്ത രീതികളിലും അവരെ അനുകരിക്കാൻ കഴിയും. പാപ്പാ പറഞ്ഞു.

# ക്രിസ്തുവിന്റെ സ്നേഹം ഉപാധികളില്ലാത്തത്: ലെയോ പാപ്പാ

**വത്തിക്കാൻ:** ക്രിസ്തുവിന്റെ സ്നേഹം ഉപാധികളില്ലാത്തതാണെന്നു ലെയോ പാപ്പാ. വത്തിക്കാനിലെ സാന്താമരിയ ദെല്ല രൊത്തൊന്ഡ തീർഥാടനദൈവാലയത്തിൽ പാവപ്പെട്ടവർക്കുവേണ്ടി അർപ്പിച്ച വിശുദ്ധകുർബാനമധ്യേ സന്ദേശം നൽകുകയായിരുന്നു പാപ്പാ.

ദേവാലയത്തിലേക്കു കടന്നുവരുമ്പോൾ, നമ്മിലുള്ള ആകുലതകളെയും ക്ഷീണത്തെയും ഭയത്തെയും, അവന്റെ വചനം ശ്രവിക്കുന്നതിലൂടെയും, ശരീരം ഭക്ഷിക്കുന്നതിലൂടെയും മാറ്റാൻ സാധിക്കുമെന്നും നമ്മുടെ ഏകാന്തതയെ കർത്താവ് എടുത്തുകളയുന്നുവെന്നും പാപ്പാ ചൂണ്ടിക്കാട്ടി.

വിശുദ്ധ കുർബാന ജീവിതത്തിനു പോഷണമെന്ന് ഓർമപ്പെടുത്തിയ പാപ്പാ, മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നതിൽ സംതൃപ്തി കണ്ടെത്താനും, നിസ്സംഗതയും, അഹങ്കാരവും ഒഴിവാക്കിക്കൊണ്ട്, എളിമയുടെയും സേവനത്തിന്റെയും ജീവിതമാതൃക പിന്തുടരുവാനും ഏവരെയും ക്ഷണിച്ചു. നാം കർത്താവിന്റെ സഭയാണ്, ദരിദ്രരുടെ സഭയാണ്, അതിനാൽ ആർക്കുമിടയിൽ വേർതിരിവുകൾ പാടില്ലായെന്നും, സഹായം സ്വീകരിക്കുന്നവരും കൊടുക്കുന്നവരും, ദൈവത്തിന്റെ ഒരൊറ്റ വചനം വഹിക്കുന്നവരാണെന്നുള്ള ബോധ്യത്തിൽ ജീവിക്കണമെന്നും പാപ്പാ കൂട്ടിച്ചേർത്തു. ഏറ്റവും ദുർബലരായവർ പോലും പൂർണ്ണ അന്തസ്സോടെ പങ്കെടുക്കുന്ന ഒരൊറ്റ ശരീരമായി മാറുന്നതിലൂടെ മാത്രമേ ദൈവത്തിന്റെ സഭയായി നമുക്കു മാറാൻ സാധിക്കുകയുള്ളൂവെന്നും പാപ്പാ എടുത്തുപറഞ്ഞു.

# പ്ലാറ്റിനം ജൂബിലിസ്മാരകമായി പാലാ രൂപതയിൽ തിരുവചനപഠനമത്സരം



**കുറവിലങ്ങാട്:** പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഓർമയ്ക്കായി പാലാ രൂപത ഇവാഞ്ചലൈസേഷൻ, കുടുംബക്കൂട്ടായ്മ, മീഡിയ കമ്മീഷൻ എന്നിവയുടെ നേതൃത്വത്തിൽ 'ജീവമന്ന' എന്ന പേരിൽ വചനപഠനമത്സരം ഒരുക്കിയിരിക്കുന്നു. കുടുംബക്കൂട്ടായ്മ, ഇടവക, ഫൊറോന, രൂപത എന്നിങ്ങനെയാണ് മത്സരതലങ്ങൾ. 2026 മേയ് 10 ന് രണ്ടിനാണ് ഗ്രാൻഡ് ഫിനാലെ. ജനുവരിയിൽ കുടുംബക്കൂട്ടായ്മതലത്തിലും മാർച്ച് 27 ന് ഇടവകതലത്തിലും ഏപ്രിൽ 26 ന് ഫൊറോനാതലത്തിലും മത്സരങ്ങൾ നടത്തും.

സുവിശേഷങ്ങളും അപ്പസ്തോലപ്രവർത്തനങ്ങളുമാണ് പഠനഭാഗം. ഒന്നാം സമ്മാനം കാൽ ലക്ഷം രൂപ. രണ്ടുമുതൽ അഞ്ചുവരെ സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 15,000, 10,000, 5,000, 3,000 കാഷ്പ്രൈസും എല്ലാ വിജയികൾക്കും മെമന്റോയും നൽകും.

പഠനപദ്ധതിയുടെ ഉദ്ഘാടനം മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർഥാടനകേന്ദ്രത്തിൽ കുടുംബക്കൂട്ടായ്മ പാലാ രൂപത ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തിൽ നിർവഹിച്ചു. ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി അധ്യക്ഷത വഹിച്ചു.

# വെല്ലുവിളികളെ അവസരങ്ങളാക്കണം: ജ്യോതിസ് മോഹൻ ഐ.ആർ.എസ്.

**പാലാ:** പഠനമികവിനും സമഗ്രവ്യക്തിത്വവികാസത്തിനും അനുയോജ്യമായ അവസരങ്ങൾ ഉപയോഗപ്പെടുത്തിയും ഓരോ പരിമിതികളിലും ഒളിഞ്ഞിരിക്കുന്ന അവസരങ്ങൾ തിരിച്ചറിഞ്ഞും സ്കൂൾവിദ്യാഭ്യാസകാലത്തുതന്നെ വിദ്യാർഥികൾ ഉന്നതലക്ഷ്യങ്ങൾ നേടുവാനായി അധ്വാനിച്ചുതുടങ്ങണമെന്ന് ഇൻകം ടാക്സ് കമ്മീഷണർ ജ്യോതിസ് മോഹൻ ഐ.ആർ.എസ്. പറഞ്ഞു. എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്. വിജയികളായ വിദ്യാർഥികളെ അനുമോദിക്കാനായി പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുടങ്ങാതെയുള്ള പത്രവായന സിവിൽ സർവീസ് ഉൾപ്പെടെയുള്ള മത്സരപ്പരീക്ഷകൾ വിജയിക്കുന്നതിന് അനിവാര്യമാണെന്ന് ഇക്കഴിഞ്ഞ സിവിൽ സർവീസ് പരീക്ഷയിൽ 703-ാം റാങ്ക് നേടിയ നസ്റിൻ പി. ഫാസിം പറഞ്ഞു. യോഗത്തിൽ ഇൻസ്റ്റിറ്റ്യുട്ട് മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. പാലാ കോർപറേറ്റ് എജ്യുക്കേഷണൽ സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. വി.വി. ജോർജുകുട്ടി ഒട്ടലാങ്കൽ, വൈസ് പ്രിൻസിപ്പൽ ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, സി. അമലാ ജോസ് എഫ്.സി.സി. എന്നിവർ സംസാരിച്ചു.



*പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്. വിജയികളുടെ സംഗമം കൊച്ചിൻ ഇൻകം ടാക്സ് കമ്മീഷണർ ജ്യോതിസ് മോഹൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്യുന്നു. മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പാലാ കോർപറേറ്റ് എജ്യുക്കേഷണൽ സെക്രട്ടറി ഫാ. ജോർജ്ജ് പുല്ലുകാലായിൽ, നസ്റിൻ പി. ഫാസിം, പ്രിൻസിപ്പൽ ഡോ. വി.വി. ജോർജ്ജുകുട്ടി ഒട്ടലാങ്കൽ, വൈസ് പ്രിൻസിപ്പൽ ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ തുടങ്ങിയവർ സമീപം.*

# കുവൈറ്റ് ഔവർ ലേഡി ഓഫ് അറേബ്യ പള്ളിക്ക് ബസലിക്കാ പദവി



കുവൈറ്റ് സിറ്റി: കുവൈറ്റിലെ ഔവർ ലേഡി ഓഫ് അറേബ്യ (അറേബ്യയുടെ നാഥയായ മറിയം) പള്ളിയെ ബസലിക്കാ പദവിയിലേക്ക് ഉയർത്തി. ഗൾഫിൽ ഈ പദവി ലഭ്യമായ ആദ്യ കത്തോലിക്കാ ദേവാലയമാണിതെന്ന് ബിഷപ് അൽദോ ബെറാദി പറഞ്ഞു. 1948 ൽ കർമലീത്തക്കാരാണ് ഔവർ ലേഡി ഓഫ് അറേബ്യ പള്ളി സ്ഥാപിച്ചത്. രണ്ടു വർഷം മുമ്പ് പള്ളിയുടെ 75-ാം വാർഷികം ആഘോഷിച്ചു. സൗദി അറേബ്യ, ബഹ്റൈൻ, ഖത്തർ, കുവൈറ്റ് എന്നിവയുൾപ്പെടുന്ന നോർത്തേൺ വികാരിയാത്തിൽ 20 ലക്ഷം കത്തോലിക്കരുണ്ട്; സതേൺ വികാരിയാത്തിൽ 10 ലക്ഷവും.

# ജൈവകർഷകരെ ആദരിച്ചു

**അകലക്കുന്നം:** പഞ്ചായത്തിലെ മികച്ച ജൈവകർഷകനുള്ള അവാർഡ് അരവിന്ദാക്ഷൻ മരുതനാടിക്കു ലഭിച്ചു. പഞ്ചായത്തു ഹാളിൽ നടന്ന ചടങ്ങിൽ ചാണ്ടി ഉമ്മൻ എം.എൽ.എ.യിൽനിന്ന് അവാർഡ് ഏറ്റുവാങ്ങി. അരവിന്ദാക്ഷൻ ഒരു മികച്ച ക്ഷീരകർഷകൻകൂടിയാണ്. പശുക്കളെയും ആടുകളെയും വളർത്തുന്നു. മൃഗങ്ങളുടെ ചാണകമുപയോഗിച്ച് മാത്രമാണ് വീടിനോടു ചേർന്നുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നത്. കൊറോണക്കാലത്താണ് അരവിന്ദാക്ഷൻ കൃഷിയിലേക്കും കന്നുകാലിവളർത്തലിലേക്കും പ്രവേശിച്ചത്.

**ചെമ്മലമറ്റം:** ലിറ്റിൽഫ്ളവർ ഹൈസ്കൂൾ വിദ്യാർഥികൾ കർഷകദിനത്തോടനുബന്ധിച്ച് ചെമ്മലമറ്റത്തെ മികച്ച കർഷകനായ പൊരിയത്ത് സെബാസ്റ്റ്യൻ ഫ്രാൻസിസിനെ ആദരിച്ചു. പൂർണമായും ജൈവവളമുപയോഗിച്ചു കൃഷി ചെയ്യുന്ന സെബാസ്റ്റ്യൻ പൊരിയത്തിന്റെ കൃഷിത്തോട്ടത്തിൽ വിവിധ തരത്തിലുള്ള കൃഷികളാണു നടത്തുന്നത്. ഇതിനോടകം നിരവധി പുരസ്കാരങ്ങൾ നേടിയ സെബാസ്റ്റ്യന് തിടനാട് പഞ്ചായത്തിന്റെ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 25 Date of Publication 21 August 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org